കെസിബിസി
മീഡിയ



വത്തിക്കാൻ തരംഗം

Vol No.36 No.10 October 2026 Rs.5.00

KCBC Media Commission

Chavara Cultural Centre
Kochi

KCBC Media Commission &
Chavara Cultural Centre
സംയുക്തമായി ചേർന്നു നടത്തുന്ന



THE FACE OF THE FACELESS

Global Triumph Celebration

22 നവംബർ 2026



ഉദ്ഘാടനം

ശ്രീ വീ ഡി സതീശൻ
ബഹു. കേരള മുഖ്യമന്ത്രി

2.00 pm ന്
Face of the Faceless
(സിനിമ പ്രദർശനം)

4.30 pm ന്
പൊതുസമ്മേളനം

ഏവർക്കും സ്വാഗതം

വത്തിക്കാൻ തരംഗം
VATHICAN THARANGAM
OCTOBER - 2026
RN. 55 178/94
പുസ്തകം- 36
Monthly
ലക്കം - 10

ഉള്ളടക്കം

- എഡിറ്റോറിയൽ 04
- മിഷൻ ഞായർ.....06
- സമാധാന ശ്രമങ്ങൾ.....09
- യുവ ഹൃദയങ്ങളെ 16
- വംശീയ വിവേചനത്തിനെതിരെ.....20
- സഭയുടെ ഹൃദയത്തിൽ.....24
- LEGACY OF LOVE.....27
- തിരുവചനത്തോടൊപ്പം.....34
- വാർത്തയും ചിന്തയും.....38

മുഖ്യരക്ഷാധികാരി

- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

രക്ഷാധികാരികൾ

- ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ
- ബിഷപ്പ് റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

ചീഫ് എഡിറ്റർ • ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
എഡിറ്റർ • ആന്റണി ചടയംമുറി

പത്രാധിപസമിതി

- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

ലീഗൽ അഡ്വൈസർ • അഡ്വ . റെനിൽ ആന്റോ
ലേ ഔട്ട് & ഡിസൈൻ • മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ



ക്രിസ്തുവിൽ ഒന്നായി ദൗത്യത്തിൽ ഐക്യത്തോടെ



2026 ഒക്ടോബർ 18ന് ലോക മിഷൻ ഞായറിന്റെ നൂറാം വാർഷികമായിരുന്നു. ഈ ദിനത്തോടനുബന്ധിച്ചുള്ള ലിയോ പതിനാലമൻ പാപ്പയുടെ സന്ദേശം 2026 ജനുവരി 25ന് പ്രസിദ്ധീകരിച്ചു. ഈ സന്ദേശത്തിൽ മുഖ്യ പ്രമേയമായി പാപ്പ കുറിച്ചത് "ക്രിസ്തുവിൽ ഒന്നായി, ദൗത്യത്തിൽ ഐക്യത്തോടെ" എന്ന വാക്യമാണ്.

ഈ കാലഘട്ടത്തിൽ സവിശേഷ ശ്രദ്ധയർഹിക്കുന്ന ആഹ്വാനമാണ് സഭാ വിശ്വാസികൾക്കായി പാപ്പ നൽകിയിരിക്കുന്നത്. ഓരോ കാലഘട്ടത്തിലും ഇത്തരം പരിശുദ്ധാത്മാവിനാൽ പ്രേരിതമായ ആഹ്വാനങ്ങൾ പരിശുദ്ധ പിതാക്കന്മാരിൽ നിന്നുണ്ടായിട്ടുണ്ടെന്നതിന് ചരിത്രം തന്നെ സാക്ഷി. മിഷൻ ഞായർ ആചരണത്തിന് തുടക്കമിട്ട പിയൂസ് പതിനൊന്നാമൻ പാപ്പായെക്കുറിച്ചുള്ള ചരിത്ര രേഖകളിൽ സഭയുടെ ദൗത്യവും കർമ്മപദ്ധതിയും ആവിഷ്ക്കരിക്കുന്നതിലും നടപ്പാക്കുന്നതിലുമുള്ള ദൈവീക ഇടപെടൽ ഏറെ പ്രകടമാണെന്നു കാണാൻ കഴിയും. പിയൂസ് പതിനൊന്നാമൻ പാപ്പ ഇറ്റലിക്കാരനാണ്. ആ നാളുകളിൽ മുസ്സോളിനിയായിരുന്നു ഇറ്റലിയുടെ ഭരണാധികാരി. പരിശുദ്ധ സിംഹാസനവും മുസ്സോളിനിയുടെ ഭരണകൂടവും തമ്മിലുള്ള അനൈക്യം പലപ്പോഴും കല്ലുകടിയായ കാലം. എന്നാൽ മുസ്സോളിനിയുമായി ഒരു ഉടമ്പടി (ലാറ്ററൻ ഉടമ്പടി) ഉണ്ടാക്കി വത്തിക്കാൻ നഗരത്തെ സ്വതന്ത്ര രാഷ്ട്രമാക്കി മാറ്റിയത് പിയൂസ് പതിനൊന്നാമൻ പാപ്പയായിരുന്നു. ക്രിസ്തുവിന്റെ രാജ്യത്വ തിരുനാളിന് (1925) തുടക്കമിട്ടതും 25 ാമത്തെ പാപ്പയായിരുന്ന പിയൂസ് പതിനൊന്നാമനാണ്. ഏറ്റവും വിചിത്രമെന്നു പറയട്ടെ, സഭയെ വെല്ലുവിളിച്ച ഫാസിസം, നാസിസം, കമ്മ്യൂണിസം, നിരീശ്വരവാദം എന്നീ ആശയ പദ്ധതികളെയും ഈ പാപ്പ തന്റെ 17 വർഷം നീണ്ട ഭരണ കാലയളവിൽ അഭിമുഖീകരിച്ചു.



പക്ഷെ, യൂറോപ്പേതര രാജ്യങ്ങളിൽ തദ്ദേശീയരായ മെത്രാന്മാരെ വാഴിച്ചുകൊണ്ട് പിയൂസ് പതിനൊന്നാമൻ പാപ്പ പ്രാദേശിക സഭകൾക്ക് കൂടുതൽ ഊർജ്ജം നൽകിയതും ഈ സന്ദർഭത്തിൽ ഓർമ്മിക്കേണ്ടതുണ്ട്. ആത്മാവിനാൽ നിറഞ്ഞുകൊണ്ട് പ്രാർത്ഥനയുടെയും കഠിനാധ്വാനത്തിന്റെയും ജീവിതം നയിക്കുന്നവർക്കാണ് ലിയോ പതിനാലാമൻ പാപ്പയുടെ മിഷൻ ഞായർ സന്ദേശത്തിലെ ക്രിസ്തുവിൽ ഒന്നായി, ദൗത്യത്തിൽ ഐക്യത്തോടെ' എന്ന ആഹ്വാനം ഉൾക്കൊള്ളാനാവുക. ദൈവവുമായുള്ള ബന്ധത്തിന്റെ ആഴങ്ങളിൽ, ചുറ്റുമുള്ള മനുഷ്യരുടെ മുഖങ്ങൾ കൂടി തെളിഞ്ഞാൽ മാത്രമേ മിഷൻ അനുഭവത്തിലേക്ക് ഏതൊരു ക്രൈസ്തവനും ഉയരാൻ കഴിയൂ. അപ്പ. 4:20, യോഹ 1:1 എന്നീ തിരുവാക്യങ്ങൾ അഭിനവപ്രേഷിതർക്കായുള്ള ദിശാ സൂചകങ്ങളാണ്. മനുഷ്യരെ സമഗ്രവിമോചനത്തിലേക്കും വികസനത്തിലേക്കും വിശ്വാസത്തിന്റെ നിറവിലേക്കും നയിക്കാൻ ആറ് പ്രധാന മാർഗങ്ങളുണ്ട്. പ്രഘോഷണം, ക്രൈസ്തവരുടെ ജീവിത സാക്ഷ്യം, മനുഷ്യാവകാശങ്ങൾക്കും സാമൂഹിക നീതിക്കും സമാധാനത്തിനും സമഗ്രവികസനത്തിനും വേണ്ടി നടപ്പാക്കേണ്ട കർമ്മപദ്ധതികൾ, മതാന്തര സംവാദങ്ങളിലൂടെയും സഭൈക്യ പ്രസ്ഥാനങ്ങളിലൂടെയും നടത്തേണ്ട അനുരഞ്ജനവും സമരസതയും, സുവിശേഷ പ്രഘോഷണത്തിനായുള്ള പ്രാർത്ഥനകളും പരിത്യാഗ പ്രവൃത്തികളും, വിശ്വാസപരിശീലനവും സന്മാർഗജീവിതവും എന്നിവയാണ് ഈ ആറ് മാർഗങ്ങൾ. ഭാരതത്തിന്റെ പ്രത്യേക പശ്ചാത്തലത്തിലും, ഡിജിറ്റൽ ലോകത്തിന്റെ അതിരില്ലാത്ത വ്യാപനത്തിലും നമ്മുടെ മിഷൻ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുകയും പുതിയ രീതികൾ ആവിഷ്കരിക്കുകയും വേണം. 1931-ൽ ഭാരതത്തിൽ ഉണ്ടായിരുന്നത് 4147 ജാതികളായിരുന്നു. 2011-ലെ സെൻസസിൽ ജാതികളുടെ എണ്ണം 46 ലക്ഷമായി. സർക്കാർ രേഖകളിലുള്ള ഭ്രരിപക്ഷം ജാതികളിൽപെട്ടവരുടെ സംഖ്യ കഷ്ടിച്ച് 100 പേർ മാത്രമാണത്രെ. ദേശീയ തലത്തിൽ ഓരോ മതങ്ങളിലും ബാധിച്ചിട്ടുള്ള വേലികെട്ടിതിരിക്കൽ എത്രത്തോളം ശ്രുക്ഷമാണെന്ന് ഈ കണക്കുകളിലുണ്ട്. സഭയുടെ ആരംഭ നാളുകളിലെ രക്തപങ്കിലമായ രക്തസാക്ഷിത്വം (Red Martyrdom) ത്തിനു പകരം നാലാം നൂറ്റാണ്ടിനുശേഷം വെളുത്ത രക്തസാക്ഷിത്വമെന്ന (White Martyrdom) സന്യാസത്തിന്റെ രംഗ പ്രവേശം ചരിത്രത്തിൽ അടയാളവത്കരിക്കപ്പെട്ടു. ഇപ്പോഴാകട്ടെ നവ സാമൂഹ്യ മാധ്യമങ്ങളിലൂടെ നാം കാണുന്നത് സാമൂഹ്യ രക്തസാക്ഷി (Social Martyr) കളെയാണ്. സഭയ്ക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കുമെല്ലാം എതിരെ ഇത്തരമൊരു ആക്രമണോൽസുക്ത വ്യാപിച്ചുകൊണ്ടിരിക്കുന്നു. ടോളുകൾ നിഷ്കളങ്കരായ മനുഷ്യരുടെ മേൽ വാളുകളായി വിഴുകയാണിപ്പോൾ. ക്രിസ്തുവിൽ ഐക്യപ്പെട്ട ഹൃദയങ്ങളും അനുരഞ്ജനത്തിലായ സഭാസമൂഹങ്ങളും ഏതൊരു മതപീഡന കാലത്തും പരിശുദ്ധാത്മാവിൽ സന്തോഷത്തോടും തീക്ഷ്ണതയോടും കൂടി മുന്നേറണമെന്നു കൂടി പാപ്പ പറയുന്നുണ്ട്. ഓരോ ക്രൈസ്തവനും മിഷണറിയാകുമ്പോൾ അവൻ/അവൾ സ്വന്തം ജീവിതം ക്രിസ്തുവിനുവേണ്ടി സമ്പൂർണ്ണമായി സമർപ്പിക്കുകയാണ്. നമുക്കും ഈ 'മിഷൻ പാത' യിലൂടെ മുന്നേറിയേ പറ്റൂ. കാരണം, നമ്മുടെ വിശ്വാസത്തിൽ ഉള്ളടങ്ങിയ മുഖ്യദൗത്യമാണത്. ❍

ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
ചീഫ് എഡിറ്റർ



100 Years of World Mission Sunday

(1926-2026)

One in Christ, united in mission.

നൂറാം ലോക മിഷൻ ഞായർ

ബാബു കദളിക്കാട്

SPECIAL REPORT



ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സുവിശേഷപ്രഘോഷണ ദൗത്യത്തോട് സഭ എന്നും വിശ്വസ്തമായിരിക്കണമെന്ന് പാപ്പാ; "ക്രിസ്തുവിൽ ഒന്നായി, ദൗത്യത്തിൽ ഐക്യത്തോടെ" എന്നതാണ് ഈ വർഷത്തെ പ്രമേയം

ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സുവിശേഷപ്രഘോഷണ ദൗത്യത്തോട് സഭ എന്നും വിശ്വസ്തമായിരിക്കണമെന്ന് പാപ്പാ; "ക്രിസ്തുവിൽ ഒന്നായി, ദൗത്യത്തിൽ ഐക്യത്തോടെ" എന്നതാണ് ഈ വർഷത്തെ പ്രമേയം

വത്തിക്കാൻ: നൂറാം ലോക മിഷൻ ഞായറിനോടനുബന്ധിച്ച് ലിയോ പതിനാലാമൻ പാപ്പാ പൂർണദണ്ഡവിമോചനം അനുവദിച്ചു. 1926-ൽ പതിനൊന്നാം പീയൂസ് പാപ്പാ ആരംഭിച്ച ലോക മിഷൻ ഞായറിന്റെ നൂറാം വാർഷികമാണ് ഈ ഒക്ടോബർ 18 ന് കടന്നുപോയത്. ആചരിക്കുന്നു. "ക്രിസ്തുവിൽ ഒന്നായി, ദൗത്യത്തിൽ ഐക്യത്തോടെ" (One in Christ, United in Mission) എന്നതാണ് ഈ വർഷത്തെ പ്രമേയം.

അപ്പസ്തോലിക പെനിറ്റെൻഷ്യറിയിലൂടെയാണ് പാപ്പാ പൂർണദണ്ഡവിമോചനം അനുവദിച്ചിരിക്കുന്നത്. ലോകമെമ്പാടും സുവിശേഷം പ്രചരിക്കുന്നതിനായി പാപ്പായുടെ നിയോഗങ്ങളോട് ചേർന്ന് ജപമാല ചൊല്ലി പ്രാർഥിക്കാൻ വിശ്വാസികളെ ക്ഷണിച്ചിട്ടുണ്ട്.

ലോക മിഷൻ ഞായറിനോടനുബന്ധിച്ച് ഞായറാഴ്ച നടന്ന മധ്യാഹ്ന മാലാഖപ്രാർഥനാവേളയിൽ പാപ്പാ പറഞ്ഞു: "ഇന്ന് നാം നൂറാം ലോക മിഷൻ ദിനം ആചരിക്കുന്നു. കഴിഞ്ഞ നൂറു വർഷങ്ങളിൽ എത്രയേറെ മിഷൻ ചരിത്രമാണ് രൂപപ്പെട്ടത്! ഉയിർത്തെഴുന്നേറ്റ കർത്താവ് നൽകിയ ദൗത്യത്തോട് സഭ എപ്പോഴും വിശ്വസ്തമായിരിക്കാനായി നമുക്ക് പ്രാർഥിക്കാം: 'നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.'"



നിബന്ധനകൾ

അപ്പസ്തോലിക പെനിറ്റെൻഷ്യറിയുടെ ഔദ്യോഗിക ഉത്തരവനുസരിച്ച്, സാധാരണ നിബന്ധനകൾ പാലിക്കുന്ന വിശ്വാസികൾക്ക് പൂർണദണ്ഡവിമോചനം പ്രാപിക്കാം. കുമ്പസാരത്തിലൂടെയുള്ള കൂദാശാപരമായ അനുരഞ്ജനം, വിശുദ്ധ കുർബാന സ്വീകരണം, പരമാധ്യക്ഷനായ പാപ്പായുടെ നിയോഗങ്ങൾക്കായി പ്രാർഥിക്കുക എന്നിവയാണ് പ്രധാന നിബന്ധനകൾ.

ലോക മിഷൻ ഞായറിനായുള്ള സന്ദേശം

നൂറാം ലോക മിഷൻ ഞായറിനോടനുബന്ധിച്ച് ജനുവരി 25-ന് പ്രസിദ്ധീകരിച്ച സന്ദേശത്തിൽ, പരിശുദ്ധാത്മാവിൽ സന്തോഷത്തോടും തീക്ഷ്ണതയോടും കൂടി മിഷൻ ദൗത്യത്തിൽ മുന്നേറാൻ ലിയോ പതിനാലാമൻ പാപ്പാ ആഗോളസഭയോട് ആഹ്വാനം ചെയ്യുകയുണ്ടായി. "ക്രിസ്തുവിൽ ഐക്യപ്പെട്ട ഹൃദയങ്ങളും അനുരഞ്ജനത്തിലായ സഭാസമൂഹങ്ങളും ഉദാരതയോടും വിശ്വാസത്തോടും കൂടി സഹകരിക്കാനുള്ള എല്ലാവരുടെയും സന്നദ്ധതയും ആവശ്യപ്പെടുന്ന മിഷൻ പാതയിലൂടെ പരിശുദ്ധാത്മാവിൽ സന്തോഷത്തോടും തീക്ഷ്ണതയോടും കൂടി മുന്നേറാൻ മുഴുവൻ സഭയെയും ഞാൻ ക്ഷണിക്കുന്നു," പാപ്പാ സന്ദേശത്തിൽ പറഞ്ഞു. ക്രിസ്തുവുമായുള്ള ഐക്യത്തിന്റെ രഹസ്യമാണ് സഭയുടെ മിഷൻ ദൗത്യത്തിന്റെ കേന്ദ്രമെന്ന് പാപ്പാ വ്യക്തമാക്കി. "ക്രൈസ്തവനായിരിക്കുക എന്നത് പ്രധാനമായും ചില ആചാരങ്ങളുടെയോ ആശയങ്ങളുടെയോ സമാഹാരമല്ല. പരിശുദ്ധാത്മാവിൽ പിതാവുമായുള്ള ക്രിസ്തുവിന്റെ പുത്രസഹജമായ ബന്ധത്തിൽ പങ്കുചേരാൻ നമ്മെ പ്രാപ്തരാക്കുന്ന അവിടുത്തോടൊത്തുള്ള ഐക്യജീവിതമാണത്," പാപ്പാ വിശദീകരിച്ചു. സഭയുടെ മിഷൻ ദൗത്യത്തിലെ പ്രാഥമിക ഉത്തരവാ

ദിത്വം വിശ്വാസികൾക്കിടയിൽ ആത്മീയവും സാഹോദര്യപരവുമായ ഐക്യം പുതുക്കിപ്പണിയുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അന്തരഞ്ജനം അനിവാര്യം

ഇന്ന് ലോകം സംഘർഷങ്ങൾ, ധ്രുവീകരണം, തെറ്റിദ്ധാരണകൾ, പരസ്പരവിശ്വാസമില്ലായ്മ എന്നിവയ്ക്ക് സാക്ഷ്യം വഹിക്കുകയാണെന്ന് ലിയോ പതിനാലാമൻ പാപ്പാ നിരീക്ഷിച്ചു. സഭാസമൂഹങ്ങൾക്കുള്ളിലും ഇത്തരം പ്രവണതകൾ പ്രകടമാകുമ്പോൾ ക്രൈസ്തവ സാക്ഷ്യം ദുർബലപ്പെടുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ക്രിസ്തു തന്റെ ശിഷ്യന്മാരെ ഏൽപ്പിച്ച സുവിശേഷവത്കരണ ദൗത്യത്തിന് അന്തരഞ്ജനത്തിലായതും കൂട്ടായ്മ ആഗ്രഹിക്കുന്നതുമായ ഹൃദയങ്ങൾ ആവശ്യമാണെന്ന് പാപ്പാ ഊന്നിപ്പറഞ്ഞു.സുവിശേഷപ്രഘോഷണം എല്ലായ്പോഴും കൂട്ടായും സമൂഹപരമായും സിനഡാത്മകമായും നിർവഹിക്കപ്പെടേണ്ട ദൗത്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

ദൈവശാസ്ത്ര കമ്മീഷൻ

അന്താരാഷ്ട്ര ദൈവശാസ്ത്ര കമ്മീഷന്റെ 2026-2031 കാലയളവിലേക്കുള്ള പുതിയ അംഗങ്ങളെ ലിയോ പതിനാലാമൻ പാപ്പാ നിയമിച്ചു. തിങ്കളാഴ്ച നടത്തിയ നിയമനങ്ങളിലൂടെ 24 പുതിയ അംഗങ്ങളെ കമ്മീഷനിൽ ഉൾപ്പെടുത്തിയ പാപ്പാ, ആറുപേരുടെ അംഗത്വം പുതുക്കുകയും ചെയ്തു. കമ്മീഷന്റെ സെക്രട്ടറി ജനറലായ മോൺസിഞ്ഞോർ പിയറോ കോഡയുടെ നിയമനം അഞ്ചുവർഷത്തേക്കുകൂടി നീട്ടി. മുൻ കാലയളവിൽ 28 അംഗങ്ങളുണ്ടായിരുന്ന കമ്മീഷനിൽ ഇത്തവണ അംഗസംഖ്യ 30 ആയി ഉയർന്നു. ഏഷ്യ, ആഫ്രിക്ക, തെക്കേ അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിൽനിന്നുള്ള പ്രാതിനിധ്യവും വർധിച്ചിട്ടുണ്ട്. പ്രധാനപ്പെട്ടതും സമകാലിക പ്രസക്തിയുള്ളതുമായ വിശ്വാസസംബന്ധമായ വിഷയങ്ങൾ പഠിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതിൽ പരിശുദ്ധ സിംഹാസനത്തെ, പ്രത്യേകിച്ച് വിശ്വാസകാര്യങ്ങൾക്കായുള്ള ഡിക്കാസ്റ്ററിയെ, സഹായിക്കുകയാണ് അന്താരാഷ്ട്ര ദൈവശാസ്ത്ര കമ്മീഷന്റെ പ്രധാന ദൗത്യം. വിവിധ ദൈവശാസ്ത്ര ചിന്താധാരകളെയും രാജ്യങ്ങളെയും പ്രതിനിധീകരിക്കുന്ന ദൈവശാസ്ത്രജ്ഞർ കമ്മീഷനിൽ അംഗങ്ങളാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ കാലയളവിലെന്നപോലെ, സഭയിലെ വ്യത്യസ്ത ജീവിതാവസ്ഥകളെയും സന്യാസസമൂഹങ്ങളുടെയും ആത്മീയ ചൈതന്യങ്ങളുടെയും വൈവിധ്യത്തെയും പ്രതിഫലിപ്പിക്കുന്നതാണ് പുതിയ അംഗങ്ങളുടെ ഘടന.

അല്മായ പ്രാതിനിധ്യം വർധിച്ചു

കമ്മീഷനിലെ വനിതാ അംഗങ്ങളുടെ എണ്ണം അഞ്ചിൽനിന്ന് എട്ടായി ഉയർന്നു. ഇവരിൽ അഞ്ചുപേർ അല്മായ വനിതകളാണ്. മൂന്ന് അല്മായ പുരുഷന്മാർകൂടി ഉൾപ്പെടുന്നതോടെ കമ്മീഷനിലെ അല്മായ അംഗങ്ങളുടെ എണ്ണം എട്ടായി. മുൻ കാലയളവിലുണ്ടായിരുന്നതിന്റെ ഇരട്ടിയാണിത്. ഭൂഖണ്ഡാടിസ്ഥാനത്തിലുള്ള പ്രാതിനിധ്യത്തിലും മാറ്റമുണ്ട്. യൂറോപ്പിൽനിന്നുള്ള അംഗങ്ങളുടെ എണ്ണം 14-ൽനിന്ന് 13 ആയി കുറഞ്ഞു. ഏഷ്യയിൽനിന്നും ആഫ്രിക്കയിൽനിന്നും നാലുവീതം അംഗങ്ങളാണുള്ളത്; മുൻ കാലയളവിൽ ഇത് മൂന്നുവീതമായിരുന്നു. തെക്കേ അമേരിക്കയിൽനിന്നുള്ള അംഗങ്ങളുടെ എണ്ണം നാലിൽനിന്ന് അഞ്ചായി ഉയർന്നു. വടക്കേ അമേരിക്കയിൽനിന്ന് മൂന്നുപേരും ഓസ്ട്രേലിയയിൽനിന്ന് ഒരാളും കമ്മീഷനിൽ തുടരും. പുതിയ നിയമനങ്ങളോടെ അന്താരാഷ്ട്ര ദൈവശാസ്ത്ര കമ്മീഷന്റെ പതിനൊന്നാമത് അഞ്ചുവർഷ കാലയളവിന് തുടക്കമായി. കമ്മീഷന്റെ പതിവ് സമ്പൂർണ സമ്മേളനം നവംബർ 23 മുതൽ 27 വരെ നടക്കും.



സമാധാന ശ്രമങ്ങൾ

SPECIAL REPORT

ഫാ. തോംസൺ പഴയചിറപീടികയിൽ, ജർമ്മനി
ഇന്റർനാഷണൽ ന്യൂസ് ഡെസ്ക്



ഭക്ഷ്യക്ഷാമം രൂക്ഷമായ സഹചര്യത്തിൽ മാനുഷിക സഹായവും സാധാരണ ജനങ്ങളുടെ സുരക്ഷിത മായ ഒഴിപ്പിക്കലും ലക്ഷ്യം; അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭാര്യ മെലാനിയ ട്രംപിന്റെ മധ്യസ്ഥ ഇടപെടൽ നിർണായകമായി.

മാനുഷിക വെടിനിർത്തൽ നടപ്പാക്കണമെന്ന് ലിയോ പതിനാലാമൻ പാപ്പാ അഭ്യർഥിച്ച് ഒരാഴ്ച പിന്നിടുമ്പോഴാണ് പുതിയ തീരുമാനം. ചികിത്സയ്ക്കായി റോമിലെ ജെമെല്ലി ആശുപത്രിയിൽ കഴിയവെ റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിനുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിൽ പാപ്പാ ഒലെഷ്കിയി ലെ ഗുരുതരമായ മാനുഷിക പ്രതിസന്ധി ചൂണ്ടിക്കാട്ടിയിരുന്നു. ഭക്ഷണവും വൈദ്യസഹായവും ജനങ്ങളിലെത്തിക്കാനും അവരുടെ സുരക്ഷിതവും സ്വമേ ധയാ ഉള്ളതുമായ ഒഴിപ്പിക്കൽ സാധ്യമാക്കാനും അടിയന്തര വെടിനിർത്തൽ ആവശ്യമാണെന്ന് പാപ്പാ വ്യക്തമാക്കി. യുക്രെയ്ൻ പ്രസിഡന്റ് വൊളോദിമിർ സെലെൻസ്കിയുമായും പാപ്പാ ടെലിഫോണിൽ സംസാരിച്ചിരുന്നു . ആ സംഭാ ഷണത്തിലും ഒലെഷ്കിയിലെ ജനങ്ങളുടെ ദുരിതവും മാനുഷിക വെടിനിർത്തലി ന്റെ ആവശ്യകതയും പ്രധാന വിഷയങ്ങളായിരുന്നു.



മുൻകൈ എടുത്ത് മെലാനിയ ട്രംപ്

ഒലെഷ്കിയിൽ വെടിനിർത്തലിന് ധാരണയായതായി യുക്രെയ്ൻ പാർലമെന്റിന്റെ മനുഷ്യാവകാശ കമ്മീഷണർ ദിമിത്രോ ലൂബിനെറ്റ്സ് സ്ഥിരീകരിച്ചു. വെടിനിർത്തൽ ധാരണയിലെത്തുന്നതിൽ പങ്കുവഹിച്ച അമേരിക്കൻ പ്രഥമ വനിത മെലാനിയ ട്രംപിനോട് അദ്ദേഹം നന്ദി അറിയിച്ചു.മാനുഷിക ദൗത്യം സങ്കീർണമായ ഒന്നാണെന്ന് ടെലിഗ്രാം സന്ദേശത്തിൽ വ്യക്തമാക്കിയ ലൂബിനെറ്റ്സ്, “ഈ ദൗത്യം വിവിധ ഘട്ടങ്ങളിലായിട്ടായിരിക്കും നടപ്പാക്കുക” എന്നു പറഞ്ഞു. ഒലെഷ്കിയിലെ ജനങ്ങളെ രക്ഷിക്കാൻ യുക്രെയ്ൻ സാധ്യമായതെല്ലാം ചെയ്തിട്ടുണ്ടെന്നും ഇപ്പോഴും അതിനുള്ള ശ്രമങ്ങൾ തുടരുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഖെർസൺ നഗരത്തിലേക്കുള്ള വഴിയിൽ ഒലെഷ്കിക്ക് സമീപം മാനുഷിക ദൗത്യം സുഗമമാക്കുന്നതിനായി ഒക്ടോബർ 27 ചൊവ്വാഴ്ച പുലർച്ചെ മുതൽ വെടിനിർത്തൽ നടപ്പാക്കിയതായി റഷ്യൻ സായുധസേനയുടെ ജനറൽ സ്റ്റാഫ് മേധാവിയും പ്രതിരോധ ഉപമന്ത്രിയുമായ ജനറൽ വലേരി ഗെരാസിമോവ് അറിയിച്ചു.

റഷ്യയുടെ സ്ഥിരീകരണം

ജനറൽ ഗെരാസിമോവിന്റെ പ്രഖ്യാപനത്തിന് ഏതാനും മണിക്കൂറുകൾക്കുമുമ്പ്, ഒലെഷ്കിയിൽ മാനുഷിക സഹായം എത്തിക്കുന്നതിനും സാധാരണ ജനങ്ങളെ ഒഴിപ്പിക്കുന്നതിനുമായി വെടിനിർത്തലിന് ധാരണയായതായി ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ് സ്ഥിരീകരിച്ചിരുന്നു.വെടിനിർത്തൽ ധാരണ സംബന്ധിച്ച ആദ്യ പ്രഖ്യാപനം വൈറ്റ് ഹൗസാണ് നടത്തിയത്. ഒക്ടോബർ 29 മുതൽ വെടിനിർത്തൽ പ്രാബല്യത്തിൽ വരുമെന്നായിരുന്നു അന്ന് അറിയിച്ചിരുന്നത്. ധാരണയിലെത്തുന്നതിൽ അമേരിക്കൻ പ്രഥമ വനിത മെലാനിയ ട്രംപിന്റെ ഇടപെടൽ നിർണായകമായതായി യുക്രെയ്ൻ അധികൃതർ വ്യക്തമാക്കി.

യുക്രെയ്ൻ, റഷ്യ, അമേരിക്ക എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ നവംബർ ആദ്യ പകുതിയിൽ യുണൈറ്റഡ് അറബ് എമിറേറ്റ്സിന്റെ തലസ്ഥാനമായ അബുദാബിയിൽ കൂടിക്കാഴ്ച നടത്തുമെന്ന് പ്രസിഡന്റ് സെലെൻസ്കി സ്ഥിരീകരിച്ചു.പ്രവർത്തകസംഘങ്ങളുടെ തലത്തിൽ നടക്കുന്ന പുതിയ ത്രികക്ഷി ചർച്ചകൾ, വാഷിങ്ടണിന്റെ മധ്യസ്ഥതയിൽ കീവ്–മോസ്കോ നേരിട്ടുള്ള സംഭാഷണം പുനരാരംഭിക്കാനും യുദ്ധത്തിന് അറുതിവരുത്താനുമുള്ള മറ്റൊരു ശ്രമമായിരിക്കും. അമേരിക്കൻ പ്രതിനിധികളായ സ്റ്റീവ് വിറ്റ്കോഫുമായും ജാരഡ് കുഷ്നറുമായും നടത്തിയ ചർച്ചകൾക്കുശേഷമാണ് സെലെൻസ്കിയുടെ പ്രഖ്യാപനം. ഈ അമേരിക്കൻ പ്രതിനിധികൾ അടുത്തിടെ റഷ്യൻ പ്രസിഡന്റ് പുടിനുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. നവംബർ 10–നുശേഷം ചർച്ചകൾ പുനരാരംഭിക്കാനുള്ള സന്നദ്ധത റഷ്യ നേരത്തേ അറിയിച്ചിരുന്നു. ഇതോടെ നയതന്ത്ര ചർച്ചകൾ വീണ്ടും ആരംഭിക്കാനുള്ള സാധ്യത ശക്തമായിരിക്കുകയാണ്.

ഉറപ്പുകൾ വേണമെന്ന് സെലെൻസ്കി

നയതന്ത്ര ചർച്ചകൾ പുനരാരംഭിക്കാനുള്ള സാധ്യത തെളിഞ്ഞിട്ടുണ്ടെങ്കിലും സമാധാന കരാറിനായുള്ള യുക്രെയ്ന്റെ നിബന്ധനകളിൽ മാറ്റമില്ലെന്ന് പ്രസിഡന്റ് സെലെൻസ്കി വ്യക്തമാക്കി. ഭാവിയിൽ റഷ്യയുടെ ആക്രമണങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ യുക്രെയ്ന് ശക്തമായ അന്താരാഷ്ട്ര സുരക്ഷാ ഉറപ്പുകൾ ലഭിക്കണം. യുക്രെയ്ന്റെ സായുധസേനയുടെ പ്രവർത്തനങ്ങൾക്കും പ്രതിരോധ ശേഷി നിലനിർത്തുന്നതിനുമായി കുറഞ്ഞത് പത്തുവർഷത്തേക്കുള്ള സാമ്പത്തിക സഹായവും ഉറപ്പാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അതിനാൽ, സുരക്ഷാ ഉറപ്പുകൾ, പ്രദേശങ്ങളുടെ നിയന്ത്രണം സംബന്ധിച്ച തർക്കങ്ങൾ, ഭാവിയിൽ വെടിനിർത്തൽ നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ എന്നിവ ചർച്ചകളിലെ പ്രധാന വിഷയങ്ങളായി തുടരും.

കരുതലിന് നന്ദി

യുക്രെയ്ൻ ഗ്രീക്ക് കത്തോലിക്കാ സഭയുടെ തലവൻ മേജർ ആർച്ച്ബിഷപ്പ് സ്വിയാത്തോസ്ലാവ് ഷെവ്ചുക് ലിയോ പതിനാലാമൻ പാപ്പായുമായി വത്തിക്കാനിൽ കൂടിക്കാഴ്ച നടത്തി. യുക്രെയ്ൻ ജനതയുടെ പ്രാർഥനകളും നന്ദിയും അറിയിച്ച അദ്ദേഹം, റഷ്യയിൽ തടവിൽ കഴിയുന്ന നൂറുകണക്കിന് യുദ്ധത്തടവുകാരുടെ പട്ടികയും പാപ്പായ്ക്ക് കൈമാറി. യുദ്ധത്തടവുകാരുടെയും കുട്ടികളുടെയും മോചനത്തിനായി പരിശുദ്ധ സിംഹാസനം നടത്തുന്ന മാനുഷിക ഇടപെടലുകൾക്കും യുക്രെയ്ൻ ജനതയോടുള്ള കരുതലിനും അദ്ദേഹം നന്ദി രേഖപ്പെടുത്തി. വത്തിക്കാനിലെ അപ്പസ്തോലിക കൊട്ടാരത്തിൽ നടന്ന കൂടിക്കാഴ്ചയ്ക്കിടെയാണ് മേജർ ആർച്ച്ബിഷപ്പ് തടവുകാരുടെ പട്ടിക പാപ്പായ്ക്ക് കൈമാറിയത്. യുക്രെയ്നും റഷ്യയും തമ്മിലുള്ള യുദ്ധത്തിന് അറുതിവരുത്തുന്നതിനായി ലിയോ പതിനാലാമൻ പാപ്പാ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായിരുന്നു കൂടിക്കാഴ്ച. റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിനുമായും യുക്രെയ്ൻ പ്രസിഡന്റ് വൊളോദിമിർ സെലെൻസ്കിയുമായും പാപ്പാ അടുത്തിടെ നടത്തിയ ടെലിഫോൺ സംഭാഷണങ്ങളിൽ, റഷ്യൻ അധീനതയിലുള്ള ഒലെഷ്കി നഗരത്തിലെ സാധാരണ ജനങ്ങളുടെ ദുരിതാവസ്ഥയ്ക്ക് പരിഹാരം കാണാനും വെടിനിർത്തൽ നടപ്പാക്കാനും അഭ്യർഥിച്ചിരുന്നു. ഭക്ഷണം, വെള്ളം, മരുന്ന് എന്നിവയുടെ കടുത്ത ക്ഷാമം നേരിടുന്ന നഗരത്തിലെ ജനങ്ങളുടെ ദുരവസ്ഥയിൽ പാപ്പാ പ്രകടിപ്പിച്ച ആശങ്കയ്ക്കും മേജർ ആർച്ച്ബിഷപ്പ് നന്ദി അറിയിച്ചു.



പാപ്പായുടെ ഐക്യദാർഢ്യം

യുദ്ധത്തിന് അറുതിവരുത്തുന്നതിനായി പാപ്പാ നിരന്തരം നടത്തുന്ന ആഹ്വാനങ്ങൾക്കും യുക്രെയ്ൻ ജനതയ്ക്ക് നൽകുന്ന പിന്തുണയ്ക്കും മേജർ ആർച്ച്ബിഷപ്പ് പ്രത്യേകം നന്ദി പറഞ്ഞു. ഫ്രാൻസിസ് പാപ്പാ പലപ്പോഴും 'രക്തസാക്ഷിത്വം അനുഭവിക്കുന്ന യുക്രെയ്ൻ' എന്നു വിശേഷിപ്പിച്ച രാജ്യത്തെ ജനങ്ങളുടെ ദുരിതങ്ങൾ ലഘൂകരിക്കാൻ പരിശുദ്ധ സിംഹാസനം നടത്തുന്ന ഇടപെടലുകൾ അദ്ദേഹം എടുത്തുപറഞ്ഞു. സാധാരണ ജനങ്ങളുടെ ദുരിതങ്ങൾ കുറയ്ക്കുക, റഷ്യയുടെ തടവിലുള്ള യുദ്ധത്തടവുകാരെയും മറ്റു സാധാരണ തടവുകാരെയും മോചിപ്പിക്കുക, ജന്മനാട്ടിൽനിന്ന് മാറ്റിപ്പാർപ്പിക്കപ്പെട്ട യുക്രെയ്ൻ കുട്ടികളെ തിരിച്ചെത്തിക്കുക എന്നിവ ലക്ഷ്യമിട്ടുള്ള പരിശുദ്ധ സിംഹാസനത്തിന്റെ 'മാനുഷിക നയതന്ത്ര' പ്രവർത്തനങ്ങളെയും അദ്ദേഹം പ്രശംസിച്ചു.

ആരും വിസ്മരിക്കപ്പെടരുത്

ഫ്രാൻസിസ് പാപ്പായുടെ കാലത്ത് ആരംഭിക്കുകയും ലിയോ പതിനാലാമൻ പാപ്പാ തുടരുകയും ചെയ്യുന്ന ഈ മാനുഷിക ദൗത്യത്തിന്റെ ഭാഗമായി, കഴിഞ്ഞ വേനൽക്കാലത്ത് ഇറ്റാലിയൻ മെത്രാൻസമിതിയുടെ അധ്യക്ഷൻ കർദിനാൾ മത്തെയോ മരിയ സൂപ്പിയും രാജ്യങ്ങൾക്കും അന്താരാഷ്ട്ര സംഘടനകൾക്കുമായുള്ള ബന്ധങ്ങളുടെ ചുമതലയുള്ള വത്തിക്കാൻ സെക്രട്ടേറിയറ്റിന്റെ സെക്രട്ടറി ആർച്ച്ബിഷപ്പ് പോൾ റിച്ചാർഡ് ഗല്ലഗറും കീവ്, മോസ്കോ നഗരങ്ങൾ സന്ദർശിച്ചിരുന്നു. ഇരുവരും നടത്തിയ നാലു സന്ദർശനങ്ങളിൽ രാഷ്ട്രീയ-സഭാ പ്രതിനിധികളുമായി കൂടിക്കാഴ്ചകൾ ഉൾപ്പെട്ടിരുന്നു. യുദ്ധഭൂമിയിൽ പിടിക്കപ്പെട്ട യുക്രെയ്ൻ പൗരന്മാരെ പാർപ്പിച്ചിരുന്ന റഷ്യയിലെ തടങ്കൽ കേന്ദ്രവും കർദിനാൾ സൂപ്പി സന്ദർശിച്ചു. റഷ്യയിൽ തടവിൽ കഴിയുന്ന യുക്രെയ്ൻ യുദ്ധത്തടവുകാരെ സന്ദർശിക്കാൻ ഒരു അന്താരാഷ്ട്ര സ്ഥാപനത്തിന്റെ പ്രതിനിധിക്ക് ആദ്യമായി അവസരം ലഭിച്ചത് ഈ ദൗത്യത്തിലൂടെയാണെന്ന് മേജർ ആർച്ച്ബിഷപ്പ്



ഷെവ്ചുക് ചൂണ്ടിക്കാട്ടി. "ആരും വിസ്മരിക്കപ്പെടുന്നില്ലെന്നതിന്റെ അടയാളമാണിത്. കർത്താവായ ദൈവം എല്ലാവരെയും ഓർക്കുന്നു. നമ്മുടെ യുദ്ധത്തടവുകാരെയും നിയമവിരുദ്ധമായി തടവിൽ പാർപ്പിച്ചിരിക്കുന്നവരെയും എത്രയും വേഗം മോചിപ്പിക്കുന്നതിനായി മാതൃസഭ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു," അദ്ദേഹം പറഞ്ഞു. യുദ്ധത്തിന് സൈനികമായ പരിഹാരമില്ലെന്നും രാഷ്ട്രീയ-നയതന്ത്ര ചർച്ചകൾക്ക് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയാണ് വേണ്ടതെന്നും മോസ്കോ സന്ദർശനത്തിനിടെ ആർച്ച്ബിഷപ്പ് ഗല്ലഗർ വ്യക്തമാക്കിയ കാര്യവും അദ്ദേഹം അനുസ്മരിച്ചു.

ശൈത്യ കാലം വരും മുമ്പ്

അപ്പസ്തോലിക കൊട്ടാരത്തിലെ ലൈബ്രറിയിൽ നടന്ന സംഭാഷണത്തിനിടെ, മറ്റൊരു കടുത്ത ശൈത്യകാലം ആസന്നമായിരിക്കെ യുക്രെയ്ൻ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും മേജർ ആർച്ച്ബിഷപ്പ് പാപ്പായെ ധരിപ്പിച്ചു. റഷ്യൻ ആക്രമണങ്ങളിൽ രാജ്യത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾക്ക് വ്യാപകമായ നാശനഷ്ടങ്ങൾ സംഭവിച്ച സാഹചര്യത്തിൽ, ശൈത്യകാലം ജനജീവിതം കൂടുതൽ ദുഷ്കരമാക്കുമെന്ന ആശങ്കയും അദ്ദേഹം പങ്കുവച്ചു. യുക്രെയ്ൻ ജനത ഈ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ ആഗോള കത്തോലിക്കാ സമൂഹത്തിന്റെ പിന്തുണയും ഐക്യദാർഢ്യവും ഉറപ്പാക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു. ഇതിന്റെ ഭാഗമായി, പാപ്പായുടെ ദാനധർമ കാര്യാലയത്തിന്റെ ചുമതല വഹിക്കുന്നതും ജീവകാരുണ്യ സേവനങ്ങൾക്കായുള്ള ഡിക്കാസ്റ്ററിയുടെ പ്രിഫെക്റ്റുമായ ആർച്ച്ബിഷപ്പ് ലൂയിസ് മാരിൻ ഡി സാൻ മാർട്ടിൻ ഒക്ടോബർ 27 മുതൽ 30 വരെ യുക്രെയ്ൻ സന്ദർശിക്കും. ഭക്ഷണം, മരുന്ന്, മറ്റു അവശ്യവസ്തുക്കൾ എന്നിവ എത്തിക്കുന്നതിനൊപ്പം, യുക്രെയ്ൻ ജനതയോടുള്ള ലിയോ പതിനാലാമൻ പാപ്പായുടെ സാമീപ്യവും കരുതലും അദ്ദേഹം അറിയിക്കും. യുക്രെയ്ൻ ഗ്രീക്ക് കത്തോലിക്കാ സഭയും ഈ ദൗത്യത്തിൽ സജീവമായി പങ്കുചേരുന്നുണ്ട്.









കീവിൽ നിന്നുള്ള സമ്മാനങ്ങൾ

കീവിൽനിന്ന് കൊണ്ടുവന്ന സമ്മാനങ്ങളിൽ വത്തിക്കാൻ തപാൽ സ്റ്റാമ്പും യുക്രെയ്ൻ ഗ്രീക്ക് കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ മൂന്നു പ്രധാന സംഭവങ്ങളെ അനുസ്മരിക്കുന്ന അനുബന്ധ ലഘുപുസ്തകവും ഉൾപ്പെട്ടിരുന്നു. വത്തിക്കാൻ തപാൽ സേവനവുമായി സഹകരിച്ചാണ് ഇവ തയ്യാറാക്കിയത്.പരിശുദ്ധ സിംഹാസനത്തിന്റെ മാനുഷിക ദൗത്യത്തോടുള്ള നന്ദിയുടെ അടയാളമായി പുറത്തിറക്കിയ ലിയോ പതിനാലാമൻ പാപ്പായുടെ ചിത്രം ആലേഖനം ചെയ്ത പ്രത്യേക യുക്രെയ്ൻ സ്റ്റാമ്പും മേജർ ആർച്ച്ബിഷപ്പ് പാപ്പായ്ക്ക് സമ്മാനിച്ചു. യുക്രെയ്ൻ സമൂഹം പാപ്പായുമായി നടത്തിയ കൂടിക്കാഴ്ചയെ അനുസ്മരിക്കുന്ന പ്രത്യാശയുടെ തീർഥാടകർ (Pilgrims of Hope) എന്ന ഫോട്ടോ ആൽബവും റഷ്യ–യുക്രെയ്ൻ യുദ്ധത്തിൽ പങ്കെടുത്ത സൈനികനായ ആർതർ ഡ്രോണിന്റെ ഹെമിങ്വേയ്ക്ക് ഒന്നും അറിയില്ല (Hemingway Knows Nothing) എന്ന പുസ്തകവും മറ്റു സമ്മാനങ്ങളിൽ ഉൾപ്പെട്ടു.❍

കലൂർ ഇടവക ദേവാലയത്തിലെ
സ്വർഗ്ഗീയ മദ്ധ്യസ്ഥനായ

വി. ഫ്രാൻസിസ് സേവ്യറിന്റെ

135-ാമത് കൊമ്പ്രേരിയ തിരുനാൾ



2026 ഡിസംബർ 02 മുതൽ 06 ഞായർ വരെ

തിരുനാൾ ദിനങ്ങൾ

ഡിസംബർ 02 ബുധൻ — കൊടികയറും



രാവിലെ 7.00 ന് : ദിവ്യബലി
വൈകീട്ട് 5.30 ന് : അഭിവന്ദ്യ പിതാവിന് സ്വീകരണം
തുടർന്ന് : കൊടികയറും, എലക്തോർമാരുടെ വാഴ്ച്
വൈകീട്ട് 6.00 ന് :
ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലി
മോസ്റ്റ്.റവ.ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
(വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത)
പ്രസംഗം : റവ.ഫാ. ജോസഫ് ളിപ്പറമ്പിൽ
(വികാരി, അമലോത്ഭവമാതാ ദേവാലയം, കൊരട്ടി)
കാഴ്ച സമർപ്പണം : മൂന്ന് മതബോധന യൂണിറ്റിലേയും അധ്യാപകരും മുൻ പ്രസുദേന്തിമാരും തുടർന്ന് ലഭിഞ്ഞ്.



ഡിസംബർ 03 വ്യാഴം — രണ്ടാം ദിനം



രാവിലെ 7.00 ന് : എലക്തോർമാരുടെ ദിവ്യബലി
വൈകീട്ട് 5.30 ന് : അഭിവന്ദ്യ പിതാവിന് സ്വീകരണം
തുടർന്ന്
ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലി
റൈറ്റ്.റവ.ഡോ. അംബ്രോസ് പുത്തൻവീട്ടിൽ
(കോട്ടപ്പുറം രൂപത മെത്രാൻ)
പ്രസംഗം : റവ.ഫാ. പ്രിൻസ് പഴമ്പിള്ളി OSJ
(കരുണാഭവൻ, വാഗമൺ)
കാഴ്ച സമർപ്പണം : പാരിഷ് പാസ്റ്റൻ കൗൺസിൽ അംഗങ്ങളും FMM, MSST സിസ്റ്റേഴ്സും



ഡിസംബർ 04 വെള്ളി — പ്രസുദേന്തി വാഴ്ച



രാവിലെ 7.00 ന് : ദിവ്യബലി
വൈകീട്ട് 5.30 ന് : പ്രസുദേന്തി വാഴ്ച
ആഘോഷമായ ദിവ്യബലി, ലഭിഞ്ഞ്
മുഖ്യകാർമ്മികൻ: വെരി റവ. ഡോ. സ്റ്റീഫൻ ആലത്തറ (ഡെപ്യൂട്ടി സെക്രട്ടറി, CCBI, ഡൽഹി)
പ്രസംഗം : റവ.ഡോ. സിജൻ മണുവേലിപ്പറമ്പിൽ (ഡയറക്ടർ, ESSS)
കാഴ്ച സമർപ്പണം : ദർശന സമൂഹാംഗങ്ങൾ



ഡിസംബർ 05 ശനി — വേസ്പര



രാവിലെ 7.00 ന് : ദിവ്യബലി
വൈകീട്ട് 5.00 ന് : തിരുസ്വരൂപം എഴുന്നുള്ളിച്ചു വെക്കൽ
വൈകീട്ട് 5.30 ന് : അഭിവന്ദ്യ പിതാവിന് സ്വീകരണം
തുടർന്ന് ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലി
മുഖ്യകാർമ്മികൻ : മോസ്റ്റ്.റവ.ഡോ. ഫ്രാൻസിസ് കല്ലറക്കൽ
(ആർച്ച്ബിഷപ്പ് എമരിത്തുസ്, വരാപ്പുഴ അതിരൂപത)
പ്രസംഗം : റവ.ഫാ. സെബാസ്റ്റൻ കുറുകപ്പിള്ളി
(വികാരി, സെന്റ്. ജൂഡ് ചർച്ച്, യൂദാപുരം)
കാഴ്ച സമർപ്പണം : കുടുംബയൂണിറ്റ്, ബ്ലോക്ക് ലീഡർമാർ, കേന്ദ്രസമിതി
പ്രദക്ഷിണം : വടക്കുഭാഗത്തേക്ക്



ഡിസംബർ 06 ഞായർ — തിരുനാൾ ദിനം



രാവിലെ 6.15ന് : ദിവ്യബലി
രാവിലെ 9.15 ന് : അഭിവന്ദ്യ പിതാവിന് സ്വീകരണം
രാവിലെ 9.30ന് : ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലി
മുഖ്യകാർമ്മികൻ : റൈറ്റ്.റവ.ഡോ. ആന്റണി വാലുങ്കൽ
(സഹായ മെത്രാൻ, വരാപ്പുഴ അതിരൂപത)
പ്രസംഗം : റവ. ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്
(അസോസിയേറ്റ് ഡയറക്ടർ, ലൂർദ് ഹോസ്പിറ്റൽ)
കാഴ്ച സമർപ്പണം : പ്രസുദേന്തിയും കുടുംബാംഗങ്ങളും





ഫാ. പോൾസൺ സിമേതി
വികാരി



അലക്സ് ഫ്രാൻസിസ്
ഐക്യനാട്ട് , പ്രെസുദേന്തി

ഏവരെയും
തിരുനാളിലേക്ക്
സ്വാഗതം ചെയ്യുന്നു

ഫാ. പോൾസൺ സിമേതി (വികാരി)
ഫാ. നിജിൻ കുമ്പ്രക്കോസ് പാപ്പാളിപ്പറമ്പിൽ (സഹവികാരി)
ഫാ. മാനിൽ തോമസ് ഇട്ടിക്കുന്നത്ത് (സഹവികാരി)
ഫാ. ആഷിക് ലെനിൻ മുക്കത്ത് (സഹവികാരി)
ഫാ. സ്വജു തങ്ങാപ്പോൾ OSA (ആത്മീയപിതാവ്)



യുവഹൃദയങ്ങളെ ചേർത്തുപിടിക്കണം ദേവാലയങ്ങൾ

ഫാ. സേവ്യർ പടിയാരംപറമ്പിൽ
ഓസ്ട്രിയ

SPECIAL REPORT



സ്നേഹിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നുവെന്ന ബോധ്യം യുവജനങ്ങളിൽ വളർത്തണം; സാഹോദര്യത്തിലും നീതിയിലും അധിഷ്ഠിതമായ സമൂഹനിർമിതിക്ക് അവരെ പ്രാപ്തരാക്കണമെന്നും പാപ്പാ

വത്തിക്കാൻ: യുവജനങ്ങൾക്ക് സ്നേഹിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നുവെന്ന അനുഭവം പകരുന്ന ഇടങ്ങളായി കത്തോലിക്കാ വിദ്യാലയങ്ങളും സർവകലാശാലകളും മാറണമെന്ന് ലിയോ പതിനാലാമൻ പാപ്പാ. കൂടുതൽ സമാധാനപൂർണവും നീതിയുക്തവുമായ ലോകം കെട്ടിപ്പടുക്കാൻ പുതുതലമുറയെ പ്രാപ്തരാക്കുന്നതിൽ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർണായകമായ പങ്കുണ്ടെന്നും പാപ്പാ പറഞ്ഞു. സ്കൂളുകളിലെയും സർവകലാശാലകളിലെയും അജപാലന ശുശ്രൂഷയെക്കുറിച്ച് വത്തിക്കാനിൽ ഒക്ടോബർ 22, 23 തീയതികളിൽ നടന്ന അന്താരാഷ്ട്ര കോൺഗ്രസിൽ പങ്കെടുത്തവരുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു പാപ്പാ. സംസ്കാരത്തിനും വിദ്യാഭ്യാസത്തിനുമായുള്ള ഡിക്കാസ്റ്ററിയാണ് കോൺഗ്രസ് സംഘടിപ്പിച്ചത്. "വേദനയിൽനിന്ന് രക്ഷപ്പെടാൻ നിരവധി കൗമാരക്കാർ തങ്ങൾക്കുചുറ്റും തീർക്കുന്ന പ്രതിരോധത്തിന്റെ കവചത്തിനുള്ളിൽ സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള ആഗ്രഹമുണ്ട്," പാപ്പാ പറഞ്ഞു. യുവജനങ്ങൾ ലോകത്ത് പുതിയൊരു ജീവിതരീതിയുടെ നായകരും സാഹോദര്യത്തിന്റെയും കൂടുതൽ നീതിയുക്തമായ സമൂഹത്തിന്റെയും നിർമാതാക്കളുമായി മാറാൻ അവരെ സഹായിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. "നിങ്ങൾ നിങ്ങളിൽത്തന്നെ വിശ്വസിക്കുന്നതിനുമുമ്പ് നിങ്ങളിൽ വിശ്വസിക്കുന്ന ഒരാളുടെ അനുഭവത്തിൽനിന്നാണ് ധൈര്യം ജനിക്കുന്നത്. വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു ബന്ധത്തിൽനിന്നാണ് ഈ ധൈര്യം വളരുന്നത്," പാപ്പാ വിശദീകരിച്ചു. യേശു പന്ത്രണ്ട് അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തത് അവർ ധീരരായിരുന്നതുകൊണ്ടല്ല; അവിടുന്ന് അവരെ വിളിക്കുകയും അവരിൽ



അർപ്പിച്ച വിശ്വാസത്തിലൂടെ അവരെ പ്രാപ്തരാക്കുകയും ചെയ്തതുകൊണ്ടാണെന്നും പാപ്പാ ഓർമിപ്പിച്ചു.

നിഷ്ക്രിയരാകരുത്

നിരന്തരം താരതമ്യം ചെയ്യുകയും ആളുകളെ വിവിധ മാനദണ്ഡങ്ങൾക്കനുസരിച്ച് വിലയിരുത്തുകയും ചെയ്യുന്ന പ്രകടനാധിഷ്ഠിത സംസ്കാരത്തിലാണ് ഇന്നത്തെ സമൂഹം ജീവിക്കുന്നതെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. ചിലപ്പോഴൊക്കെ ഈ വിലയിരുത്തലുകൾ നിർദയമായി മാറുന്നു. കഴിവിന്റെയും നേട്ടത്തിന്റെയും അടിസ്ഥാനത്തിൽ മാത്രം വ്യക്തികളെ വിലയിരുത്തുന്ന തെറ്റായ സമീപനം മനുഷ്യരുടെ അന്തസ്സിനെ മാനിക്കുന്നതിൽ പരാജയപ്പെടുന്നു. ഇതിന്റെ ഫലമായി, ശ്രമിച്ചു നോക്കുന്നതിനുമുമ്പുതന്നെ നിരവധി യുവജനങ്ങൾ പിന്മാറുന്നുവെന്നും അദ്ദേഹം പറഞ്ഞു. "തെറ്റുകൾ വരുത്തുമോ, തങ്ങൾ മതിയായ കഴിവുള്ളവരല്ലെന്ന് മറ്റുള്ളവർ കരുതുമോ, തെറ്റിദ്ധാരിക്കപ്പെടുമോ, പ്രതീക്ഷകൾക്കൊത്ത് ഉയരാൻ കഴിയാതിരിക്കുമോ എന്ന ഭയം ഇന്ന് നിരവധി യുവജനങ്ങളെ നിഷ്ക്രിയരാക്കുന്നു," പാപ്പാ നിരീക്ഷിച്ചു. യുവജനങ്ങളുടെ ചോദ്യങ്ങൾക്ക് വേഗത്തിൽ ഉത്തരം നൽകാമെന്ന് വാശാനം ചെയ്യുന്ന വ്യാജഗുരുക്കന്മാരും തെറ്റിദ്ധാരിപ്പിക്കുന്ന സന്ദേശങ്ങളും വർധിച്ചുവരുന്നതായും അദ്ദേഹം മുന്നറിയിപ്പ് നൽകി.

ഭവനങ്ങളാകണം സ്കൂളുകൾ

ഈ സാഹചര്യത്തിൽ കത്തോലിക്കാ വിദ്യാലയങ്ങളും സർവകലാശാലകളും ഒന്നാമതായി ഒരു ഭവനത്തിന്റെ അനുഭവം നൽകുന്ന ഇടങ്ങളായിരിക്കണമെന്ന് പാപ്പാ പറഞ്ഞു. തങ്ങൾ പ്രതീക്ഷിക്കപ്പെടുകയും സ്വാഗതം ചെയ്യപ്പെടുകയും ചെയ്യുന്നുവെന്ന ഉറപ്പുള്ള ഇടങ്ങളായി അവ മാറണം. "നിങ്ങളുടെ കണ്ണുകളിലേക്ക് നോക്കുന്ന, നിങ്ങളുടെ പേര് ഓർക്കുന്ന, നിങ്ങളുടെ അസാന്നിധ്യം ശ്രദ്ധിക്കുന്ന, നിങ്ങൾ തിരിച്ചെത്തുമ്പോൾ സന്തോഷിക്കുന്ന ഒരാൾ അവിടെയുണ്ടാകണം," പാപ്പാ പറഞ്ഞു. വിദ്യാലയങ്ങളുടെയും സർവകലാശാലകളുടെയും ഇടനാഴികളിലൂടെ കടന്നുപോകുന്ന നിരവധി വിദ്യാർഥികൾ ആരാലും ശ്രദ്ധിക്കപ്പെടാത്ത വരാണെന്ന തോന്നലോടെ ജീവിക്കുന്നുണ്ടാകാമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ആവേശം, ഉദാരമനസ്കത, സേവനസന്നദ്ധത എന്നിവയാൽ ശ്രദ്ധേയരായ നിരവധി വിദ്യാർഥികളുണ്ട്. എന്നാൽ മുറിവേറ്റ കുടുംബബന്ധങ്ങൾ, ഡിജിറ്റൽ ലോകത്തെ ഏകാന്തത, അപര്യാപ്തതാബോധം, അനിശ്ചിതത്വം നിറഞ്ഞ ഭാവിയെക്കുറിച്ചുള്ള ഭയം തുടങ്ങിയ അസ്തിത്വപരമായ സംഘർഷങ്ങൾ അനുഭവിക്കുന്ന



വരും ഏറെയാണെന്ന് പാപ്പാ പറഞ്ഞു. സ്വീകരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന അന്തരീക്ഷത്തിൽ യാഥാർഥ്യത്തെ മനസ്സിലാക്കാനും ജീവിതത്തിന് അർഥം കണ്ടെത്താനും സത്യാന്വേഷണത്തിന്റെ കൂട്ടായ യാത്രയിൽ പങ്കുചേരാനും വിദ്യാർഥികൾക്കു കഴിയുമെന്ന് അദ്ദേഹം വിശദീകരിച്ചു. കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർ യുവജനങ്ങളുടെ ബൗദ്ധിക വളർച്ചയെ പ്രോത്സാഹിപ്പിക്കണമെന്നും ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിലേക്ക് അവരെ നയിക്കണമെന്നും പാപ്പാ അഭ്യർഥിച്ചു. വിശ്വാസവും യുക്തിയും തമ്മിലുള്ള സമന്വയം നൽകുന്ന ഫലസമൃദ്ധി കണ്ടെത്താൻ അവരെ സഹായിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചിന്തയുടെ ക്രമാനുഗതമായ വളർച്ചയെ അനുധാവനം ചെയ്യുകയും വിവേചിച്ചറിയാനും സ്ഥിരോത്സാഹത്തോടെ സത്യം അന്വേഷിക്കാനും യുവജനങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നതാണ് വിദ്യാലയങ്ങളിലെയും സർവകലാശാലകളിലെയും അജപാലന ശ്രുശ്രൂഷയുടെ ദൗത്യമെന്ന് പാപ്പാ വ്യക്തമാക്കി.

ഹൃദയത്തെ രൂപപ്പെടുത്തണം

വിദ്യാലയങ്ങളിലെയും സർവകലാശാലകളിലെയും അജപാലന പ്രവർത്തനങ്ങൾ ഹൃദയത്തെ രൂപപ്പെടുത്തുന്നതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ അവ കൂടുതൽ ഫലപ്രദമാകുമെന്ന് ലിയോ പതിനാലാമൻ പാപ്പാ പറഞ്ഞു. "കരുണയിലും കൃതജ്ഞതയിലും മറ്റുള്ളവരുടെ ദുരിതങ്ങളിൽ ഹൃദയം സ്പന്ദിക്കാനുള്ള കഴിവിലും നാം ഹൃദയത്തെ പരിശീലിപ്പിക്കണം. ദൈവത്തെ സ്തുതിക്കാനും അവിടുത്തെ അന്വേഷിക്കാനുമുള്ള ആഗ്രഹവും ഹൃദയത്തിൽ വളർത്തണം," പാപ്പാ വിശദീകരിച്ചു. ദരിദ്രർക്കുള്ള സേവനം, സന്ന്യാസപ്രവർത്തനം, സൃഷ്ടിയുടെ പരിപാലനം എന്നിവ വെറും അനുബന്ധ പ്രവർത്തനങ്ങളല്ലെന്നും ഹൃദയത്തിന്റെ വിശാലത വളർത്തുന്ന അനുഭവങ്ങളാണെന്നും അദ്ദേഹം പറഞ്ഞു. കാരുണ്യപ്രവർത്തനങ്ങൾ പ്രാർഥനയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും പാപ്പാ ഓർമിപ്പിച്ചു. യുവജനങ്ങളോടൊപ്പം അവരുടെ ജീവിതയാത്രയിൽ മുന്നോട്ടുപോകാനും ദൈവം ഇതിനകംതന്നെ അവരിൽ നിക്ഷേപിച്ചിരിക്കുന്ന കഴിവുകളും വരങ്ങളും തിരിച്ചറിയാൻ അവരെ സഹായിക്കാനുമുള്ള തങ്ങളുടെ ദൗത്യം വിശ്വസ്തതയോടെ തുടരണമെന്ന് സന്നിഹിതരോട് പാപ്പാ ആഹ്വാനം ചെയ്തു.

കാനൻ നിയമ പഠനം

സഭയുടെ കൂട്ടായ്മ സംരക്ഷിക്കുന്നതിൽ കാനൻ നിയമം നിർണായകമായ സേവനമാണ് നിർവഹിക്കുന്നതെന്നും സഭയ്ക്ക് അത് അത്യന്താപേക്ഷിതമാണെന്നും ലിയോ പതിനാലാമൻ പാപ്പാ. റോമിലെ പൊന്തിഫിക്കൽ ഗ്രിഗോറിയൻ സർവകലാശാലയിലെ കാനൻ നിയമ ഫാക്കൽറ്റി അംഗങ്ങളുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് പാപ്പാ ഇക്കാര്യം വ്യക്തമാക്കിയത്. സഭയുടെ രഹസ്യത്തിന്റെ വെളിച്ചത്തിൽ കാനൻ നിയമം പഠിക്കുമ്പോഴാണ് നീതിയെക്കുറിച്ചുള്ള സഭാ

പരമായ ബോധ്യമുള്ള വ്യക്തികളെ രൂപപ്പെടുത്താൻ കഴിയുകയെന്ന് പാപ്പാ പറഞ്ഞു. സത്യനീതിയുടെ അന്വേഷണത്തിലൂടെ ഓരോ വ്യക്തിയുടെയും അതീതമായ നന്മയെ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. യഥാർഥ നീതിയെ സത്യത്തിൽനിന്നും കരുണയിൽനിന്നും വേർപെടുത്താനാവില്ലെന്നും അദ്ദേഹം ഓർമിപ്പിച്ചു. സഭയുടെ യാഥാർഥ്യത്തെ കാനൻ നിയമത്തിന്റെ ഭാഷയിൽ പൂർണമായി ആവിഷ്കരിക്കാൻ സാധിക്കില്ലെങ്കിലും നിയമം ആ യാഥാർഥ്യത്തെ പ്രതിഫലിപ്പിക്കേണ്ടതുണ്ടെന്ന് പാപ്പാ ചൂണ്ടിക്കാട്ടി.

നീതിയുടെ അന്വേഷണം

കാനൻ നിയമ ഫാക്കൽറ്റിയുടെ സ്ഥാപിതമായതിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് അതിന്റെ ചരിത്രം അനുസ്മരിച്ച പാപ്പാ, ഈ സ്ഥാപനത്തിന്റെ രൂപീകരണത്തിൽ ഈശോസഭാ പാരമ്പര്യത്തിനും വിശുദ്ധ ഇഗ്നേഷ്യസ് ലൊയോളയുടെ ആത്മീയ അഭ്യാസങ്ങൾക്കും (Spiritual Exercises) ഉള്ള പ്രാധാന്യം എടുത്തുപറഞ്ഞു. "അളവിനേക്കാൾ ഗുണനിലവാരം" എന്ന തത്വം അനുസ്മരിച്ച പാപ്പാ, നിയമം എന്താണ് അനുശാസിക്കുന്നതെന്ന് അറിയുന്നതിൽ മാത്രം കാനൻ നിയമപഠനം ഒതുങ്ങരുതെന്ന് വ്യക്തമാക്കി. നിയമപഠനം, സഭയുടെ പാരമ്പര്യം, നിയമത്തെ ശരിയായ രീതിയിൽ മനസ്സിലാക്കാൻ സഹായിക്കുന്ന ദൈവശാസ്ത്ര തത്വങ്ങൾ എന്നിവയിലൂടെ നീതിയെക്കുറിച്ചുള്ള സഭാപരമായ ബോധ്യമുള്ള വ്യക്തികളെ രൂപപ്പെടുത്തുകയാണ് ഫാക്കൽറ്റിയുടെ ലക്ഷ്യം. സഭയ്ക്കുള്ളിൽ ക്രമവും ഐക്യവും ഉറപ്പാക്കുക എന്നതാണ് സഭാനിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. എന്നാൽ നിയമത്തിന്റെ പ്രയോഗം എല്ലായ്പ്പോഴും ഓരോ വിശ്വാസിയുടെയും അതീതനന്മയും സഭയുടെ കൂട്ടായ്മയുടെ വളർച്ചയും ലക്ഷ്യമിട്ടായിരിക്കണമെന്ന് പാപ്പാ പറഞ്ഞു. സത്യവും കരുണയും ഒരുപോലെ ഉൾക്കൊള്ളുന്ന യഥാർഥ നീതിയുടെ അന്വേഷണത്തിലൂടെയാണ് ഈ ലക്ഷ്യം കൈവരിക്കാനാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പിന്തുണ നൽകണം

പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ പാപ്പാ നിർവഹിക്കുന്ന ശുശ്രൂഷയ്ക്ക് പിന്തുണ നൽകുന്നതിൽ കാനൻ നിയമ ഫാക്കൽറ്റിക്ക് സവിശേഷമായ പങ്കുണ്ടെന്നും പാപ്പാ ചൂണ്ടിക്കാട്ടി. സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളോടുള്ള വിശ്വസ്തതയിലൂടെയും അപ്പസ്തോലിക സിംഹാസനത്തോടുള്ള സേവനത്തിലൂടെയുമാണ് ഈ ദൗത്യം സാക്ഷാത്കരിക്കപ്പെടുന്നത്. റോമിലെ മെത്രാനിൽ ഐക്യത്തിന്റെ ശാശ്വതവും ദൃശ്യവുമായ അടിസ്ഥാനവും തത്വവും കണ്ടെത്തുന്ന സാർവത്രിക സഭയുടെ സജീവമായ അനുഭവം വിദ്യാർഥികൾക്ക് പകർന്നുനൽകണമെന്ന് ഫാക്കൽറ്റി അംഗങ്ങളോട് പാപ്പാ അഭ്യർഥിച്ചു. സാർവത്രിക കൂട്ടായ്മയായ സഭയുടെ അനുഭവത്തെ അമൂല്യനിധിയായി സ്വീകരിക്കാനും തങ്ങൾ സേവനം ചെയ്യുന്ന സഭാസമൂഹങ്ങളുടെ നന്മയ്ക്കായി അത് പങ്കുവയ്ക്കാനും വിദ്യാർഥികൾക്ക് കഴിയണമെന്നും അദ്ദേഹം പറഞ്ഞു. തങ്ങളുടെ മുൻഗാമികളുടെ പാത പിന്തുടർന്ന്, സഭയും കർത്താവും പ്രതീക്ഷിക്കുന്ന പ്രബോധനപരമായ സംഭാവനകളും വൈജ്ഞാനിക നേട്ടങ്ങളും വിശുദ്ധമായ ജീവിതത്തിന്റെ ഫലങ്ങളും തുടർന്നും പുറപ്പെടുവിക്കാൻ ഫാക്കൽറ്റിക്ക് കഴിയുമെന്ന പ്രത്യാശ പ്രകടിപ്പിച്ചുകൊണ്ടാണ് ലിയോ പതിനാലാമൻ പാപ്പാ തന്റെ സന്ദേശം ഉപസംഹരിച്ചത്. ❍



വംശീയ വിദ്വേഷത്തിനും വിവേചനത്തിനുമെതിരെ

ഡോ. എഡ്വേർഡ് എടേഴത്ത്, അമേരിക്ക

മത–വംശീയ വിദ്വേഷത്തിനും വിവേചനത്തിനുമെതിരെഒന്നിച്ചുനിൽക്കണം; മനുഷ്യാന്തസ്സും മതസ്വാതന്ത്ര്യവും സംരക്ഷിച്ച് നീതിയും സമാധാനവും പ്രോത്സാഹിപ്പിക്കണമെന്നും അമേരിക്കൻ ജൂത സമിതി.

SPECIAL REPORT



മതപരവും വംശീയവുമായ വിദ്വേഷത്തിന്റെയും വിവേചനത്തിന്റെയും എല്ലാ രൂപങ്ങളെയും ഒരുമിച്ച് നിരാകരിക്കണമെന്ന് ലിയോ പതിനാലാമൻ പാപ്പാ. മനുഷ്യാന്തസ്സ് സംരക്ഷിക്കുക, ദരിദ്രരെ സേവിക്കുക, മതസ്വാതന്ത്ര്യം ഉറപ്പാക്കുക, നീതിയും സമാധാനവും പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്കായി ക്രൈസ്തവരും ജൂതരും സഹകരിച്ച് പ്രവർത്തിക്കണമെന്നും പാപ്പാ ആഹ്വാനം ചെയ്തു. വത്തിക്കാനിലെത്തിയ അമേരിക്കൻ ജൂത സമിതിയുടെ (American Jewish Committee) പ്രതിനിധിസംഘത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പാപ്പാ. "നമ്മുടെ പൊതുവായ ആത്മീയ പൈതൃകത്തിൽ വേരുന്നിയ ഈ സൗഹൃദം മനുഷ്യാന്തസ്സ് സംരക്ഷിക്കാനും ദരിദ്രരെ സേവിക്കാനും മതസ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാനും നീതിയും സമാധാനവും പ്രോത്സാഹിപ്പിക്കാനും നമ്മെ വിളിക്കുന്നു," പാപ്പാ പറഞ്ഞു. ജൂതരും കത്തോലിക്കരും തമ്മിലുള്ള സൗഹൃദം വളർത്തുന്നതിൽ നിർണായക സംഭാവനകൾ നൽകിയ തന്റെ പ്രിയപ്പെട്ട മുൻഗാമിയായ വിശുദ്ധ ജോൺ



പോൾ രണ്ടാമൻ പാപ്പായെ സഭ പ്രത്യേകമായി അനുസ്മരിക്കുന്ന ദിനത്തിൽ പ്രതിനിധികളെ വത്തിക്കാനിൽ സ്വീകരിക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം ലിയോ പതിനാലാമൻ പാപ്പാ പ്രകടിപ്പിച്ചു.

1995-ൽ അമേരിക്കൻ ജൂത സമിതിയുടെ ഭരണസമിതിയെ അഭിസംബോധന ചെയ്തപ്പോൾ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ നടത്തിയ ഒരു നിരീക്ഷണവും ലിയോ പതിനാലാമൻ അനുസ്മരിച്ചു: "ക്രൈസ്തവരും ജൂതരും തമ്മിലുള്ള സംവാദം ഇരു സമൂഹങ്ങളുടെയും ജീവിതത്തിൽ വ്യക്തമായും ശക്തമായും പ്രകടമാകണം." കത്തോലിക്കാ സഭയുമായുള്ള സംവാദത്തിനും സഹകരണത്തിനും അമേരിക്കൻ ജൂത സമിതി ദീർഘകാലമായി നൽകിവരുന്ന പ്രാധാന്യം ഈ വാക്കുകളുടെ സമകാലിക പ്രസക്തി വ്യക്തമാക്കുന്നുവെന്ന് ലിയോ പതിനാലാമൻ പാപ്പാ പറഞ്ഞു.

മനുഷ്യാന്തസ്സും മതസ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിന്

പരസ്പര ആത്മാർഥതയിലും ആദരവിലും അധിഷ്ഠിതമായി വിവിധ സമൂഹങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ വളർത്തുകയും മനുഷ്യാന്തസ്സും മതസ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിനായി ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാവരോടും പാപ്പാ നന്ദി അറിയിച്ചു. പൊതുവായ ആത്മീയ പൈതൃകത്തിൽ വേരുന്നിയ ക്രൈസ്തവ-ജൂത സൗഹൃദം മനുഷ്യാന്തസ്സ് സംരക്ഷിക്കാനും ദരിദ്രരെ സഹായിക്കാനും മതസ്വാതന്ത്ര്യം ഉറപ്പാക്കാനും നീതിയും സമാധാനവും പ്രോത്സാഹിപ്പിക്കാനും ഇരുസമൂഹങ്ങളെയും ഉത്തരവാദിത്വപ്പെടുത്തുന്നുവെന്ന് അദ്ദേഹം വിശദീകരിച്ചു. "ഈ പ്രതിബദ്ധതയുടെ അടിസ്ഥാനഘടകമാണ് മതപരവും വംശീയവുമായ വിദ്വേഷത്തിന്റെയും വിവേചനത്തിന്റെയും എല്ലാ രൂപങ്ങളെയും നിരാകരിക്കുക," പാപ്പാ വ്യക്തമാക്കി. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനമായ നോസ്ട്രാ ഏത്താത്തേ (Nostra aetate) യുടെ അറുപതാം വാർഷികം അനുസ്മരിച്ച പാപ്പാ, യഹൂദവിരുദ്ധതയെക്കുറിച്ച് സഭ സ്വീകരിച്ച നിലപാട് വീണ്ടും എടുത്തുപറഞ്ഞു. "യഹൂദവിരുദ്ധതയെ സഭ അംഗീകരിക്കുന്നി

ല്ല; സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ അതിനെതിരെ പോരാടുന്നു," എന്ന് നോസ്ട്രാ ഏത്താത്തെ യുടെ പ്രബോധനം വ്യക്തമാക്കുന്നതായി പാപ്പാ അനുസ്മരിപ്പിച്ചു.

സാഹോദര്യത്തിന്റെ സാക്ഷ്യം

"അഭിപ്രായവ്യത്യാസങ്ങൾ എത്ര ആഴത്തിലുള്ളതാണെങ്കിലും അവ മുൻവിധിക്കും ശത്രുതയ്ക്കും കാരണമാകരുത്. അത്തരം സമീപനങ്ങൾ സമൂഹത്തിന്റെ ധാർമിക അടിത്തറയെ ദുർബലപ്പെടുത്തുന്നു," പാപ്പാ പറഞ്ഞു. അക്രമവും പരസ്പരവിശ്വാസമില്ലായ്മയും മുറിവേൽപ്പിച്ചിരിക്കുന്ന ഇന്നത്തെ ലോകത്തിൽ സാഹോദര്യത്തോടുള്ള പ്രതിബദ്ധതയ്ക്ക് പ്രത്യേകമായ അടിയന്തരപ്രാധാന്യമുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. "പ്രായോഗികമായ പ്രവർത്തനങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്ന നമ്മുടെ സാഹോദര്യത്തിന്റെ സാക്ഷ്യം കൂടുതൽ സമാധാനപൂർണമായ ഒരു ലോകം കെട്ടിപ്പടുക്കുന്നതിന് തീർച്ചയായും സംഭാവന ചെയ്യും. സന്മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാരും ഹൃദയത്തിൽ ആഗ്രഹിക്കുന്ന ഒന്നാണത്," എന്ന വാക്കുകളോടെ ലിയോ പതിനാലാമൻ പാപ്പാ തന്റെ സന്ദേശം ഉപസംഹരിച്ചു.

സാക്ഷ്യങ്ങൾ അനിവാര്യം

പുരാതനകാലത്തെ വിശുദ്ധരായാലും സമീപകാലത്ത് വിശ്വാസത്തിന് സാക്ഷ്യം വഹിച്ചവരായാലും, ഔദ്യോഗികമായി വിശുദ്ധപദവി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളിൽ സംശയത്തിന് അതീതമായ ആധികാരികവും വിശ്വസനീയവുമായ സാക്ഷ്യങ്ങൾ അനിവാര്യമാണെന്ന് ലിയോ പതിനാലാമൻ പാപ്പാ. വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള ഡിക്കാസ്റ്ററി സംഘടിപ്പിച്ച ചരിത്രത്തിലെ വിശുദ്ധി (Holiness in History) എന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുക്കുന്നവരെ അഭിസംബോധന ചെയ്യുകയായിരുന്നു പാപ്പാ. റോമിലെ പൊന്തിഫിക്കൽ അഗസ്റ്റീനിയൻ പാട്രിസ്റ്റിക് ഇൻസ്റ്റിറ്റ്യൂട്ടിലാണ് സമ്മേളനം നടക്കുന്നത്.

വിശുദ്ധിയും ചരിത്രവും

വിശുദ്ധിയും ചരിത്രവും തമ്മിലുള്ള ബന്ധമാണ് സമ്മേളനത്തിന്റെ പ്രധാന വിഷയമെന്ന് അനുസ്മരിച്ച പാപ്പാ, വിശുദ്ധപദവിക്കായുള്ള നടപടികളിൽ ചരിത്രപഠനരീതികൾ ഉപയോഗിക്കുന്നതിന്റെ ലക്ഷ്യം കേവലം ചരിത്രരേഖകൾ തയ്യാറാക്കുകയല്ലെന്ന് വ്യക്തമാക്കി. വിശുദ്ധപദവിക്ക് പരിഗണിക്കപ്പെടുന്ന വ്യക്തികളുടെ മാതൃകാപരമായ ജീവിതം, ആത്മീയത, വിശുദ്ധിയെക്കുറിച്ചുള്ള ജനങ്ങളുടെ അംഗീകാരം എന്നിവ വെളിച്ചത്തുകൊണ്ടുവരികയാണ് ചരിത്രാന്വേഷണത്തിന്റെ പ്രധാന ലക്ഷ്യമെന്ന് അദ്ദേഹം വിശദീകരിച്ചു. ചരിത്രപരവും സാംസ്കാരികവുമായ പരിണാമങ്ങൾ വിശുദ്ധിയെക്കുറിച്ചുള്ള മനുഷ്യരുടെ ധാരണയെ എങ്ങനെ സ്വാധീനിക്കുന്നുവെന്നും ചരിത്രപഠനം പരിഗണിക്കണമെന്ന് പാപ്പാ പറഞ്ഞു. കാലത്തിനനുസരിച്ച് വിശുദ്ധിയുടെ സ്വഭാവം മാറുന്നു എന്നല്ല ഇതിനർഥം. മറിച്ച്, ജീവിതത്തിലെ പ്രത്യേക അനുഭവങ്ങളെ സുവിശേഷത്തിന്റെ വെളിച്ചത്തിൽ എങ്ങനെ വ്യാഖ്യാനിക്കാമെന്ന് മനസ്സിലാക്കാനാണ് ഇത് സഹായിക്കുന്നത്. ഇന്നത്തെ വെല്ലുവിളികളെ നേരിടാനും ലഭ്യമായ അവസരങ്ങൾ തിരിച്ചറിയാനും സഭാംഗങ്ങളെ സഹായിക്കുന്ന മാതൃകാജീവിതങ്ങളെയും മാധ്യസ്ഥപ്രാർഥനയ്ക്കായി ആശ്രയിക്കാവുന്ന വിശുദ്ധരെയും ദൈവജനത്തിന് ആവശ്യമാണെന്നും പാപ്പാ കൂട്ടിച്ചേർത്തു.❍


ചങ്ങനാശേരി
പാറേൽ
ബസിലിക്ക
പുതിയ ദേവാലയ
കൂദാശയും ഉദ്ഘാടനവും
നവംബർ 21 - 25, 2026
നവംബർ 21 - വലിയ പള്ളി കൂദാശ
നവംബർ 22 - കൽക്കുരിശ്, കൊടിമരം വെഞ്ചരിപ്പ്
നവംബർ 23 - മർത്തമറിയം കപ്പേള കൂദാശ



സഭയുടെ ഹൃദയത്തിൽ
എഴുതപ്പെട്ട ദൈവവചനം

വത്തിക്കാനിൽ ബുധനാഴ്ചകളിൽ പതിവുള്ള പൊതുകൂടിക്കാഴ്ചയുടെ പുതിയൊരു പരമ്പരയാണ് ഈ വർഷത്തിലെ ആദ്യ ബുധനാഴ്ചയായ 2026 ജനുവരി ഏഴാം തീയതി ലിയോ പതിനാലാമൻ പാപ്പാ ആരംഭിച്ചത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും അതിലെ പ്രധാന രേഖകളുടെയും പ്രാധാന്യവും സഭയിൽ അവയുടെ സാംഗത്യവും വിശകലനം ചെയ്യുന്ന ഒരു ഉദ്ബോധനപരമ്പര.

ഈ പ്രഭാഷണത്തിന്റെ മലയാള പരിഭാഷയാണിത് - ഭാഗം 4

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



വത്തിക്കാൻ: ദൈവിക വെളിപാടിനെക്കുറിച്ചുള്ള 'ദൈവവചനം' (Dei Verbum) എന്ന സഭാപ്രമാണരേഖയുടെ വായന തുടർന്നുകൊണ്ട്, വിശുദ്ധ ലിഖിതങ്ങളും പാരമ്പര്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നമുക്കിന്ന് ചിന്തിക്കാം. ഇതിനായി സുവിശേഷത്തിലെ രണ്ട് സന്ദർഭങ്ങളെ നമുക്ക് അടിസ്ഥാനമാക്കാം. "മാളികമുറിയിൽ"(Upper Room) നടന്ന ആദ്യത്തെ സംഭവത്തിൽ, ശിഷ്യന്മാരോട് യേശു നടത്തിയ വിപുലമായ വിടവാങ്ങൽ പ്രഭാഷണത്തിൽ ഇപ്രകാരം അരുളിച്ചെയ്യുന്നു:

"നിങ്ങളോടുകൂടെ ആയിരിക്കുമ്പോൾത്തന്നെ ഇതു ഞാൻ നിങ്ങളോടു പറഞ്ഞി



രിക്കുന്നു.എന്നാൽ, എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും.....സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്കു നയിക്കും." (യോഹന്നാൻ 14:25–26; 16:13) രണ്ടാമത്തെ സംഭവം നമ്മെ ഗലീലിയിലെ കുന്നുകളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നു;അത്ഭുതവും സംശയവും നിറഞ്ഞ ശിഷ്യന്മാരോട് അദ്ദേഹം ഇപ്രകാരം ഉപദേശിക്കുന്നു:"ആകയാൽ, നിങ്ങള്പോ യി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ....ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ".(മത്തായി 28 : 19, 20) ഈ രണ്ട് സന്ദർഭങ്ങളിലും, ക്രിസ്തു ഉച്ചരിച്ച വചനങ്ങളും നൂറ്റാണ്ടുകളിലൂടെ അവയുടെ വ്യാപനവും തമ്മിലുള്ള അഗാധമായ ബന്ധം പ്രകടമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ വളരെ അർത്ഥവത്തായ ഒരു രൂപകം ഉപയോഗിച്ചുകൊണ്ട് ഇക്കാര്യം സ്ഥിരീകരിക്കുന്നു: "പരിശുദ്ധ പാരമ്പര്യവും വിശുദ്ധ ലിഖിതങ്ങളും തമ്മിൽ അടുത്ത ബന്ധപ്പെട്ടിരിക്കുന്നു; അവ തമ്മിൽ ആശയവിനിമയവുമുണ്ട്. ഒരേ ദൈവിക ഉറവിടത്തിൽ നിന്ന് ഉത്ഭവിക്കുന്ന ഇവ രണ്ടും, ഒരു അർത്ഥത്തിൽ, ഒന്നായിത്തീരുകയും ഒരേ ലക്ഷ്യത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു" (ദേയി വെർബും, 9). ദൈവവചനത്തെ സംരക്ഷിക്കുകയും വ്യാഖ്യാനിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യുന്ന സഭയിലൂടെ, സഭാപരമായ പാരമ്പര്യം ചരിത്രത്തിലുടനീളം വ്യാപിച്ചു കിടക്കുന്നു. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC – ഖണ്ഡിക 113 കാണുക), ഇക്കാര്യത്തിൽ സഭാപിതാക്കന്മാരുടെ ഒരു പ്രസ്താവനയെ ഉദ്ധരിക്കുന്നുണ്ട്: "വിശുദ്ധ ലിഖിതങ്ങൾ രേഖകളിലോ ഗ്രന്ഥങ്ങളിലോ എന്നതിലുപരി, പ്രധാനമായും സഭയുടെ ഹൃദയത്തിലാണ് എഴുതപ്പെട്ടിരിക്കുന്നത്." മുകളിൽ ഉദ്ധരിച്ച ക്രിസ്തുവിന്റെ വചനങ്ങളുടെ വെളിച്ചത്തിൽ, "അപ്പസ്തോലന്മാരിൽ നിന്നു വരുന്ന ഈ പാരമ്പര്യം പരിശുദ്ധാത്മാവിന്റെ സഹായത്തോടെ സഭയിൽ വളരുന്നു" എന്ന് കൗൺസിൽ സ്ഥിരീകരിക്കുന്നു. (ദേയി വെർബും, 8)."വിശ്വാസികളുടെ ധ്യാനത്തിലൂടെയും പഠനത്തിലൂടെയും" ലഭിക്കുന്ന പൂർണ്ണമായ അറിവിലൂടെയും, "ആത്മീയ അനുഭവത്തിൽ നിന്നുണ്ടാകുന്ന ആന്തരിക ഉൾക്കാഴ്ചയിലൂടെയും", എല്ലാറ്റിനുമുപരിയായി, "സത്യത്തിന്റെ ഉറപ്പുള്ള വരദാനം" ലഭിച്ചിട്ടുള്ള അപ്പസ്തോലന്മാരുടെ പിൻഗാമികളുടെ പ്രഘോഷണത്തിലൂടെയുമാണ് ഇത് സംഭവിക്കുന്നത്. ഇപ്രകാരം, "സഭ തന്റെ പ്രബോധനത്തിലും ജീവിതത്തിലും ആരാധനയിലും, താൻ എന്താണോ, താൻ എന്തിൽ വിശ്വസിക്കുന്നുവോ, അതെല്ലാം ഓരോ തലമുറയിലേക്കും കൈമാറുകയും നിലനിർത്തുകയും ചെയ്യുന്നു" (അതേ കൃതിയിൽ). ഈ പശ്ചാത്തലത്തിൽ, വിശുദ്ധ ഗ്രിഗറി ദ ഗ്രേറ്റിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: "പരിശുദ്ധ ലിഖിതങ്ങൾ അത് വായിക്കുന്നവരോടൊപ്പം വളരുന്നു." വിശുദ്ധ അഗസ്റ്റിൻ ഇപ്രകാരം നിരീക്ഷിച്ചു: "ദൈവത്തിന്റെ ഒരേയൊരു വചനം എല്ലാ വിശുദ്ധ ലിഖിതങ്ങളിലും വ്യാപിച്ചു കിടക്കുന്നു; വിശുദ്ധ ഗ്രന്ഥകർത്താക്കളുടെ എല്ലാവരുടെയും അധരങ്ങളിൽ മുഴങ്ങുന്നത് ആ ഒരേ വചനം തന്നെയാണ്." അതിനാൽ, ദൈവവചനം എന്നത്

നിശ്ചലമായ ഒന്നല്ല; മറിച്ച്, സഭയുടെ പാരമ്പര്യത്തിനുള്ളിൽ (Tradition) വളരുകയും വികസിക്കുകയും ചെയ്യുന്ന,സജീവവും നിരന്തരം നവീകരിക്കപ്പെടുന്നതുമായ ഒരു യാഥാർത്ഥ്യമാണ്.പരിശുദ്ധാത്മാവിലൂടെ, ഈ പാരമ്പര്യം ദൈവവചനത്തെ അതിന്റെ സത്യത്തിന്റെ സമ്പൂർണ്ണതയോടെ ഉൾക്കൊള്ളുകയും, ചരിത്രത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ അതിനെ സാക്ഷാത്കരിക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ, സഭാപിതാവും സഭയുടെ വേദപാരംഗതനുമായ വിശുദ്ധ ജോൺ ഹെൻറി ന്യൂമാൻ തന്റെ *'ക്രിസ്തീയ പ്രബോധനത്തിന്റെ വികാസത്തെക്കുറിച്ചുള്ള ഒരു ഉപന്യാസം'* (An Essay on the Development of Christian Doctrine) എന്ന കൃതിയിൽ മുന്നോട്ടുവെക്കുന്ന ഉൾക്കാഴ്ചകൾ ശ്രദ്ധേയമാണ്. ക്രിസ്തുമതം, ഒരു കൂട്ടായ്മ അനുഭവമെന്ന നിലയിലും പ്രബോധനമെന്ന നിലയിലും, യേശു'വിത്തിന്റെ ഉപമ'യിൽ (മർക്കോസ് 4:26-29) സൂചിപ്പിച്ചതുപോലെ, ചലനാത്മകമായ ഒരു യാഥാർത്ഥ്യമാണെന്ന് അദ്ദേഹം സമർത്ഥിച്ചു. അതായത്, ആന്തരികവും ജീവസ്സുറ്റതുമായ ഒരു ശക്തിയാൽ വളർന്നു വികസിക്കുന്ന സജീവമായ ഒരു യാഥാർത്ഥ്യമാണത്. അപ്പസ്തോലനായ പൗലോസ് തന്റെ ശിഷ്യനും സഹപ്രവർത്തകനുമായ തിമോത്തേയോസിനോട്, ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു. "അല്ലയോ, തിമോത്തേയോസേ, നിന്നെ ഏൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിന്റെ നിക്ഷേപം കാത്തുസൂക്ഷിക്കുക" (1 തിമോത്തി6:20; 2 തിമോത്തി1:12-14).'ദൈവവചനം' (Dei Verbum) എന്ന പ്രബോധനരേഖ (Dogmatic Constitution),വിശുദ്ധ പൗലോസിന്റെ ഈ വചനങ്ങളെ പ്രതിധ്വനിപ്പിച്ചുകൊണ്ട് ഇപ്രകാരം പ്രസ്താവിക്കുന്നു: "വിശുദ്ധ പാരമ്പര്യവും വിശുദ്ധ ലിഖിതങ്ങളും ചേർന്ന് ദൈവവചനത്തിന്റെ ഒരൊറ്റ വിശുദ്ധ നിക്ഷേപം (sacred deposit) രൂപീകരിക്കുന്നു;ഇത് സഭയുടെ പക്കൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്നു." ഇതിനെ വ്യാഖ്യാനിക്കാനുള്ള ചുമതല "സഭയുടെ സജീവമായ പ്രബോധനാധികാരത്തിന്" (living teaching office) നൽകപ്പെട്ടിരിക്കുന്നു; യേശുക്രിസ്തുവിന്റെ നാമത്തിലാണ് ഈ അധികാരം വിനിയോഗിക്കപ്പെടുന്നത് (നമ്പർ 10). 'നിക്ഷേപം' (Deposit) എന്ന പദം, അതിന്റെ മൂല അർത്ഥത്തിൽ, നിയമപരമായ സ്വഭാവമുള്ള ഒന്നാണ്. ഒരു നിക്ഷേപം സൂക്ഷിക്കാൻ ചുമതലപ്പെട്ട വ്യക്തിക്ക്, ആ നിക്ഷേപത്തിലുള്ള വസ്തുവിനെ (ഇവിടെ, വിശ്വാസത്തെ) കേടുപാടുകൾ കൂടാതെ സംരക്ഷിക്കാനും, അത് അതേപടി കൈമാറാനുമുള്ള കടമയുണ്ട്. ദൈവവചനം എന്ന 'നിക്ഷേപം' ഇന്നും സഭയുടെ കൈവശമാണുള്ളത്. ചരിത്രത്തിന്റെയും അസ്തിത്വത്തിന്റെയും സങ്കീർണ്ണതകളിലൂടെയുള്ള നമ്മുടെ യാത്രയിൽ ഒരു വഴികാട്ടിയായി, ഈ നിക്ഷേപത്തെ അതിന്റെ പൂർണ്ണതയിൽ നിരന്തരം കാത്തുസൂക്ഷിക്കാൻ സഭയിലെ വിവിധ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന നമ്മളോരോരുത്തരും കടപ്പെട്ടവരാണ്.

പ്രിയ സുഹൃത്തുക്കളെ, ഉപസംഹാരമായി, വിശുദ്ധ ഗ്രന്ഥവും പാരമ്പര്യവും തമ്മിലുള്ള അഗാധമായ ബന്ധത്തെ എടുത്തുകാട്ടുന്ന 'ദൈവവചനം' (Dei Verbum) എന്ന പ്രമാണരേഖ നമുക്ക് വീണ്ടും ശ്രദ്ധിക്കാം. അതിൽ ഇപ്രകാരം പറയുന്നു: "അവ രണ്ടും തമ്മിൽ അടുത്ത ബന്ധപ്പെട്ടിരിക്കുന്നു, പരസ്പരം സംവദിക്കുന്നു. ക്രിസ്തുവിന്റെ രഹസ്യത്തെ സഭയിൽ സജീവവും ഫലദായകവുമാക്കുന്ന ഇവ രണ്ടും ഒരേ ദൈവിക ഉറവിടത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്; ഒരു അർത്ഥത്തിൽ, ഇവ രണ്ടും ഒന്നായിച്ചേർന്ന് ഒരേ ലക്ഷ്യത്തിലേക്ക് നീങ്ങുന്നു." അങ്ങനെ, ആത്മാക്കളുടെ രക്ഷയ്ക്കായി ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നു (നമ്പർ 10)." ❍



SPECIAL FEATURE

THE LEGACY OF LOVE:
CELEBRATING 75 YEARS OF GRACE AND GROWTH

Surekha Noronha, IMP
Secular Institute of the Maids of the Poor
(1951–2026)



Motto: "Behold the Handmaid of the Lord" (Luke 1:38)

A Light Kindled by Grace

A light was kindled in the quiet depths of faith. A small spark became an ardent flame, and that flame has grown into an enduring legacy of divine grace. For seventy-five years, this light has continued to shine across continents, bringing practical hope to the desolate, compassion to the suffering and the consoling love of God to countless lives. Today, with hearts overflowing with gratitude, we commemorate three-quarters of a century of sacred history a pilgrimage marked by divine fidelity, humble service, courage and charity. This is the story of the **Secular Institute of the Maids of the Poor**—a journey of grace and growth, faithfully lived as a Legacy of Love.



The Shepherd's Vision

Every great work begins with a dream planted by the Holy Spirit. In 1947, the newly erected Diocese of Lucknow welcomed its first shepherd, the Most Rev. **Dr. Conrad De Vito, OFM Cap.** A man of deep pastoral vision and love for Christ, Bishop Conrad was particularly moved by the suffering of the poor, the isolated and the forgotten. As he travelled through northern India, he encountered women living in seclusion, families without adequate medical care and education, and infants abandoned through poverty. He realized that the Church needed a new kind of apostolic presence—consecrated women who could enter the ordinary circumstances of life, live among people and serve from within society. Providence had prepared the way. In the same year, **Pope Pius XII** promulgated Provida Mater Ecclesia, the Apostolic Constitution for Secular Institutes, thus formally recognizing Secular Institutes and opening a new path of consecrated life in the Church. Thereafter other documents by the same Pope strengthened his vision of founding our Institute. Bishop Conrad envisioned women who would be ready to go wherever they were needed—like spiritual "paratroopers." Without external sign of consecration, they would live among people and work in ordinary professions as teachers, nurses, social workers - Through their presence, they would bring Christ into the realities of everyday life. This vision eventually became the foundation of the **first Secular Institute established in India.**

The Seed Takes Root

Bishop Conrad's vision took concrete shape at **Anand Bhawan** in **Barabanki, Uttar Pradesh,** meaning "Abode of Joy." It became a place where abandoned newborns should be newborns, destitute children especially girls and marginalized women could find care and dignity. Four pioneering women from different continents and different cultures, responded to the call: **Anna Joseph, Mona Hoshaiah, Gertrude D'Costa** and **Olive Forster**. On **6 July 1951**, **Bishop Conrad** officially founded the Institute as the **Nursing and Teaching Society**. Entrusted with the care of the foundlings at



Anand Bhawan, these courageous women began a hidden ministry among the poor. As the years passed by, Bishop Conrad realized that the identity and mission of the Institute could not be limited to particular occupations. He wanted its members to be known for their availability, humility and evangelical simplicity. The Institute was therefore later renamed the **Society of the Maids of the Poor.** Looking at our Mother Mary's complete openness to God with humility in her heart, the members embraced the motto: **"Behold the Handmaid of the Lord."** The early years brought material scarcity, sickness, uncertainty and misunderstandings about this new form of consecrated life. Some companions left, and those who remained carried heavy responsibilities. Yet Divine Providence sustained the Institute.

Mother Genevieve Perlini, a nun of the FDCC Congregation, offered valuable spiritual formation and support to the early members for a few years. Later on, Gertrude D'Costa, Mary Sebastian, and other generous collaborators accompanied the young Institute as local leaders through the years of challenge and uncertainty. Bishop Conrad remained steadfast in his trust in God. Through prayer, sacrifice, and perseverance, the seed planted at Barabanki took deep root, sprouted and grew through every trial. God faithfully sustained the work He had begun.

Rooted in Christ and Growing

The Institute gradually matured and received important recognition from the Church. In 1962, the Society of the Maids of the Poor was canonically erected as a Secular Institute of Diocesan Right in the Diocese of Lucknow. As the years unfolded, another significant milestone was reached in 2007, when the Institute was granted Pontifical Right, opening its mission more fully to the universal Church. Looking back with gratitude, we recognize God's guiding hand at every step of this journey. Rooted in Christ, the Institute draws its vitality from three rich sources: Incarnational spirituality, the Marian way and the Franciscan spirit. Members seek to live their consecration in the ordinary circumstances of life, inspired by Mary's joyful availability and the Franciscan call to simplicity, humility, evangelical poverty and fraternity. Through ten General Assemblies, the Institute has continued to pray, discern and respond to the signs of the times, seeking new ways to remain faithful to its vocation and mission.

A Mission that Reaches Out

From Anand Bhawan, the mission spread to different parts of India, including **Lucknow, Barabanki, Bareilly, Bhowali, Karnataka, Gurugram, Haryana, Punjab, Mumbai, Bajpe, Mangalore, Bangalore, Karwar, Kerala and Chennai**, among others. Members served through education, healthcare, social work, pastoral ministry, formation, counselling and administration. Whether in a classroom, hospital, parish, office or social setting, their vocation remained one of presence to live among people and make Christ's love visible through simple and faithful service. While some missions have been entrusted to others over the years, our calling remains unchanged: to live our consecration in the midst of the world and to make Christ's love present through compassionate and selfless service.

Beyond Borders:

The missionary spirit soon carried the charism beyond India to **Italy, England, Ethiopia and Kenya.In Italy and England,** members offered a quiet presence, pastoral care and companionship, especially to the elderly and lonely. Ethiopia, with more than fifty years of continuous service, holds a particularly significant place in the Institute's history. Through times of war, famine, drought and poverty, the Maids of the Poor remained close to the people, serving through healthcare, education, relief work and practical assistance.

Serving with Love

For seventy-five years, the Institute's charism has been expressed through practical compassion. Members have cared for **orphaned, abandoned and street children,** served in foundling homes and educational institutions, accompanied the elderly and vulnerable, and provided medical care through dispensaries, clinics and medical camps. They have supported marginalized women through vocational training, offered social and legal assistance, and served through prison ministry, catechesis, family accompaniment and other forms of holistic care. The forms of apostolate may change according to the needs of the time, but the purpose remains constant: to restore human dignity and make God's compassion tangible.

The Legacy of the Founder

At the heart of this journey remains the enduring spirit of **Bishop Conrad De Vito**. Though he died on **16 November 1970 in Bologna**, Italy, his vision continues to live in the Institute. His writings, personal belongings and archival memories remain precious links with its beginnings.

His words continue to inspire:

"Humility is the foundation of all virtues. Inner peace is the reward of humility."

And: "Our common profession is not teaching or the medical one, but rather the profession of a true follower of Christ."

These words remind us that the heart of our vocation is not simply what we do, but who we are called to be in Christ.

A Legacy Shared by Many

The story of the Maids of the Poor is not the story of a few individuals alone. Across seventy-five years should be shared by many bishops, spiritual advisers, priests, religious collaborators, benefactors, families and countless friends have accompanied the Institute.The Institute remains ever grateful to all our benefactors and well-wishers over the years. The true fruit of this journey is found in the lives touched, the child welcomed with love, the sick person comforted, the struggling woman helped towards self-reliance, the student encouraged and the community strengthened through selfless service.



Leena Rodrigues
Directress General IMP

Platinum Jubilee Celebrations

As the Platinum Jubilee is celebrated, members across the Institute have united in prayer, fellowship and thanksgiving. Jubilee celebrations, prayer gatherings, webinars and charitable outreach have marked this special year. **On 17th October, 2026, a large gathering in Anand Bhawan, Barabanki, U.P., witnessed a solemn Holy Eucharist.** Large number of guests, including the orphans brought up by the Institute of the Maids of the Poor, were present. **Most Rev. Gerald J. Mathias, Bishop of Lucknow, was the main celebrant**. Six other bishops, along with a large number of priests, concelebrated the Holy Eucharist. Melodious singing of the choir added devotion and joy. In his homily, Most Rev. Wilfred Moras of Jhansi Diocese, one of the 7 bishops present, highlighted the hardships borne by the pioneer members. He asked the members **to recall not much the challenges faced but the hand of God that led the Institute through his blessings and graces.** Bishop Moras explained the meaning and purpose of celebration of the Jubilee year saying that a Jubilee is an invitation to do four things: to look back and thank God, to look within and find God, to look around and see God, and to look forward and trust God. He said that through these four movements together, guided by the Word, God speaks to us this morning. Quoting the Scriptures that were just read, he highlighted the mission that is ahead of the Maids of the poor. We are called and chosen to proclaim the good news to the poor, the lonely, the forgotten, those rejected by the society, and the marginalized. During the felicitation programme, the Directress General Leena Rodrigues, welcomed all the guests.A documentary highlighting the 75 years history of the Institute's existence was screened along with many cultural programmes. In his messageMost Rev. Gerald J. Mathias, appreciated and thanked all the members of the Institute and particularly those working in his diocese. He also gratefully remembered all the members who have worked in



this diocese in the past and are gone to heaven. He said that the work they are doing however little it may look, it is done with love and dedication.The Archbishop Emeritus of Agra Archdiocese, Most Rev. Albert D'Souza recalled his acquaintance with the Institute when he was in Lucknow and appreciated the graceful growth in these years. Hereminded the members to remember, revive, review the charism of that time to the current times. The Institute also gratefully honoured **seven senior members celebrating their Golden Jubilee of consecrated fidelity.** Their years of prayer, perseverance and selfless service are a living testimony to God's sustaining grace. After the felicitation programme, a delicious vegetarian meal was served for all. Two Jubilee landmarks have added particular joy to the celebration**: Sadhana Sadan at Alapur, Barabanki,** near the historic cradle of the foundation, and the **De Vito Extension Block at De Vito School, Bhowali,** dedicated to the future of the mission. **An Exhibition,** displaying the activities of the members, writings of the Founder, artifacts, was held in the Founder's Memorial Block to mark the Platinum Jubilee event.

Pilgrims of Hope

Seventy-five years is both a milestone and a new beginning.

Today, the Secular Institute of the Maids of the Poor looks towards the future as Pilgrims of Hope, trusting in the God who has faithfully accompanied this journey from its humble beginnings. The light kindled in 1951 continues to shine—not through great achievements alone, but through ordinary women who, day after day, seek to live their consecration with humility, availability, courage and love. *As we celebrate seventy-five years of grace and growth, we give thanks for the past, embrace the present and entrust the future into God's hands.*

The journey goes on.The mission continues.

The Legacy of Love reaches beyond.

https://www.maidsofthepoor.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖



കെ. സി. ബി. സി. പ്രസിഡന്റ് ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. വർഗീസ് ചക്കാലക്കൽ വത്തിക്കാനിൽ ലിയോ പതിനാലാമൻ മാർപാപ്പയെ സന്ദർശിച്ചപ്പോൾ



കെ. സി. ബി. സി. ഡെപ്യൂട്ടി സെക്രട്ടറി ഫാദർ തോമസ് തറയിൽ വത്തിക്കാനിൽ ലിയോ പതിനാലാമൻ മാർപാപ്പയെ സന്ദർശിച്ചപ്പോൾ



ഓർമ്മ /ആദരം

തിരുവചനത്തോടൊപ്പം നടന്നുനീങ്ങിയ ഇടയശ്രേഷ്ഠൻ

വി. സി. ജോർജ് കുട്ടി
സംസ്ഥാന ജനറൽ സെക്രട്ടറി, കെ.സി.എഫ്.



സഭയോടുള്ള കൂറും സമർപ്പണജീവിതത്താൽ കൈവരിച്ച വിശുദ്ധിയും കൊണ്ട് ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട വന്ദ്യപിതാവാണ് ഡോ. ബിഷപ്പ് എബ്രഹാം മാർ യൂലിയോസ്. പ്രതിസന്ധികളെ സധൈര്യം നേരിട്ട നിലപാടുകളും, നിരന്തരമായ കഠിനാധ്വാനവും, സഭാസമൂഹത്തോടുള്ള അനുകമ്പയും അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ സവിശേഷമാക്കുന്നു. ജനനന്മയ്ക്കായി സ്വന്തം ജീവിതം മാറ്റിവെച്ച് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ ആ ശ്രേഷ്ഠപിതാവിന്റെ പാദങ്ങളിൽ ഈ പദപുഷ്പാഞ്ജലി അർപ്പിക്കുന്നു. 2008 ജനുവരി 18ന് മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ദിതീയ മെത്രാപ്പോലീത്തായായി നിയമിതനാവുകയും ഫെബ്രുവരി 9 ന് മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രലിൽ വച്ച് മെത്രാനായി അഭിഷിക്തനാവുകയും ചെയ്തഅഭിവന്ദ്യ ഡോ. ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്ത 2026 സെപ്റ്റംബർ 19 നാണ് കാലം ചെയ്തത്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക സെമിനാരിയിൽ തത്വശാസ്ത്രപഠനവും റോമിലെ ഉർബനിയാന യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രപഠനവും പൂർത്തിയാക്കിയ ശേഷം 1970 ഒക്ടോബർ 10 ന് തിരുവല്ല ഭദ്രാസനത്തിനുവേണ്ടി ഭാഗ്യസ്മരണാർഹനായ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. ബൈബിൾ വിജ്ഞാനീയത്തിൽ റോമിലെ ബിബ്ലിക്കും ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലൈസൻഷിയേറ്റും ജെറുസലേമിലെ ഫ്രാൻസിസ്കൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഡിപ്ലോമയും റോമിലെ പൊന്തിഫിക്കൽ ഉർബനിയാന യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റും കരസ്ഥമാക്കിയ അദ്ദേഹം തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി റെക്ടറായും തിരുവല്ല ഭദ്രാസനത്തിന്റെ സ്കൂൾ കോർപ്പറേറ്റ് മാനേജരായും ബോധന സോഷ്യൽ സെർവ്വീസ് സൊസൈറ്റിയുടെ ഡയറക്ടറായും സ്തുത്യർഹമായി സേവനമനുഷ്ഠിച്ചു. 2001 മുതൽ 2008 വരെ പുഷ്പഗിരി ആസ്പത്രി

യുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി സേവനമനുഷ്ഠിക്കുകയും ആസ്പത്രിയെ മെഡിക്കൽ കോളേജായി ഉയർത്തുന്നതിലും അനുബന്ധ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിലും നേതൃത്വം നൽകുകയും ചെയ്തു. കെ. സി. ബി. സി. ദൈവശാസ്ത്ര, ബൈബിൾ കമ്മീഷനുകളുടെ ചെയർമാനായും യൂലിയോസ് തിരുമേനി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2008-ലാണ് അദ്ദേഹം മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ഭരണസാരഥ്യം ഏറ്റെടുക്കുന്നത്. കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളും ഇടുക്കി ജില്ലയിലെ വാളറ, കോട്ടയം ജില്ലയിലെ പെരുവ എന്നീ പ്രദേശങ്ങളും തമിഴ്നാട്ടിലെ കോയമ്പത്തൂർ, കാരൂർ, ഈറോഡ്, തിരുപ്പൂർ ജില്ലകളുമുൾപ്പെടുന്ന വിശാലമായ ഭൂപ്രദേശമാണ് മൂവാറ്റുപുഴ രൂപതയുടേത്. പ്രാരംഭ ഘട്ടത്തിലായിരുന്ന രൂപതയെ ആത്മീയമായും ഭൗതികമായും ശക്തമായ അടിത്തറയിൽ വളർത്തിയെടുക്കുന്നതിൽ അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനം അവിസ്മരണീയമാണ്.

മിഷൻ പ്രവർത്തനങ്ങൾ

കോയമ്പത്തൂർ കേന്ദ്രമാക്കി മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച അദ്ദേഹം, ഉക്കടം, മലുമിച്ചാംപെട്ടി, കിണത്തുകടവ്, പൊള്ളാച്ചി, അവിനാശി തുടങ്ങിയ വിവിധ മേഖലകളിൽ മലങ്കര കത്തോലിക്കാ സഭാസമൂഹങ്ങൾ രൂപംകൊള്ളുന്നതിന് നേതൃത്വം നൽകി. കേരളത്തിന്റെ വാണിജ്യ തലസ്ഥാനമായ എറണാകുളത്ത് എത്തുന്ന സഭാമക്കളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കാക്കനാട് കേന്ദ്രമാക്കി പുതിയ ഇടവകയും മോറിയാ ധ്യാനകേന്ദ്രവും സ്ഥാപിച്ചു. കൂടാതെ ചാലക്കുടി മുരിങ്ങൂരിലെയും കുന്ദംകുളം ചാലിശ്ശേരിയിലെയും പുതിയ ഇടവകകളുടെ സ്ഥാപനവും ഈ കാലഘട്ടത്തിലെ ദീപ്തമായ ദൈവിക മുന്നേറ്റങ്ങളായിരുന്നു. പെരുമ്പാവൂർ കേന്ദ്രീകരിച്ച് അതിഥി തൊഴിലാളികൾക്കായി അദ്ദേഹം നടപ്പിലാക്കിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സാമൂഹിക ശ്രദ്ധ നേടി. അഗതികൾക്കും അശരണർക്കായി വടകോട്ട് സ്ഥാപിച്ച അഗതിമന്ദിരവും തൊടുപുഴയിൽ നിരാലംബരായവർക്കായി ആരംഭിച്ച പ്രത്യേക സ്ഥാപനവും പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള അദ്ദേഹത്തിന്റെ ആർദ്രത നിറഞ്ഞ സാമൂഹിക പ്രതിബദ്ധതയുടെയും കരുതലിന്റെയും പ്രതീകങ്ങളാണ്.

കത്തീഡ്രൽ നിർമ്മാണം

മൂവാറ്റുപുഴ രൂപതയുടെ ചിരകാല സ്വപ്നമായ സെന്റ് ജോസഫ് കത്തീഡ്രൽ നിർമ്മാണം അദ്ദേഹത്തിന്റെ ഭരണനേതൃത്വത്തിന്റെ മികവിലാണ് യാഥാർത്ഥ്യമായത്. രൂപതയുടെ ഭരണസിരാകേന്ദ്രമായി വിശാലവും മനോഹരവുമായ രൂപതാ കാര്യാലയത്തിന്റെ (ബിഷപ്പ് ഹൗസിന്റെ) നിർമ്മാണം പൂർത്തീകരിച്ച്, 2018 ഡിസംബർ 6-ന് കൂദാശ ചെയ്തത് രൂപതയുടെ വളർച്ചയിലെ മറ്റൊരു സുപ്രധാന നാഴികക്കല്ലായി. ഇടവകകൾ കേന്ദ്രീകരിച്ച് കുടുംബക്കൂട്ടായ്മകൾ, യുവജന പ്രസ്ഥാനം (MCYM), അൽമായ പ്രസ്ഥാനം (MCA) എന്നിവ സജീവമാക്കി സഭാംഗങ്ങൾക്കിടയിൽ ഐക്യവും സഹകരണവും വളർത്താൻ അദ്ദേഹത്തിന് സാധിച്ചു.

സഭൈക്യമാതൃക

ഇതര ക്രൈസ്തവ സമൂഹങ്ങളോടും സഭാ നേതൃത്വത്തോടും അഭിവന്ദ്യ പിതാവിന് പ്രത്യേക ബന്ധവും കരുതലുമുണ്ടായിരുന്നു. സഭൈക്യ പരിശ്രമങ്ങളിൽ എന്നും മുൻനിരയിലുണ്ടായിരുന്ന അഭി. പിതാവ്, പെരുമ്പാവൂരിൽ സ്വന്തം ദൈവാലയം നഷ്ടമായ യാക്കോബായ സഭയിലെ വിശ്വാസ സമൂഹത്തിന് പെരുമ്പാവൂർ സാന്തോം മലങ്കര സുറിയാനി കത്തോലിക്കാ പള്ളി ആരാധനയ്ക്കായി തുറന്നുകൊടുത്തത് വലിയൊരു മാതൃകയായിരുന്നു. ❍

KCBC MEDIA

മധുരം സായന്തനം

മുതിർന്ന പൗരന്മാരുടെ കൂട്ടായ്മ



20 November 2026

4.30 pm,

Little Flower Auditorium, POC

BOOK SPOT



ഫാദർ ജോസഫ് രാജൻ കിഴവന രചിച്ച സ്മൃതി പഥങ്ങളിലൂടെ എന്ന പുസ്തകത്തിന്റെ പ്രകാശനം ആർച്ച്ബിഷപ് മോസ്റ്റ് റവ ഡോ ജോസഫ് കളത്തിപ്പറമ്പിൽ ആദ്യ പ്രതി ജസ്റ്റിസ് സുനിൽ തോമസിന് നൽകി പ്രകാശനം ചെയ്തപ്പോൾ. മോൺ. ജെയിൻ മെൻഡസ്, മോൺ. മാത്യു ഇലഞ്ഞിമറ്റം, ഇഗ്നേഷ്യസ് ഗോൺസാൽവസ്, ഫാ യേശുദാസ് പഴമ്പിള്ളി, ഫാ ജോസഫ് രാജൻ കിഴവന എന്നിവർ പ്രസംഗിച്ചു.



രതീഷ് ഭജനമഠം രചിച്ചവിശുദ്ധ പത്രോസും വത്തിക്കാനും എന്ന എന്ന ഗ്രന്ഥം പ്രകാശനം ബിഷപ് റൈറ്റ് റവ ഡോ. അലക്സ് വടക്കുംതല വല്ലാർപാടം ബസിലിക്ക റെക്ടർ ഫാദർ ജെറോം ചമ്മണിക്കോടത്തിനു നൽകി പ്രകാശനം ചെയ്തപ്പോൾ. യു. ടി. പോൾ, ഒ. ജെ. റോയ് എന്നിവർ സമീപം.



വിശ്വാസത്തിന്റെ കതിർക്കനമല്ലേ, മാനസാന്തരം?

വാർത്ത

ആന്റണി ചടയംമുറി

ഓരോ കുറ്റകൃത്യങ്ങളിലും പ്രതികളാകുന്ന ക്രൈസ്തവനാമധാരികൾ പൊതുസമൂഹത്തിന് നൽകുന്ന സന്ദേശത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? മയക്കുമരുന്ന് കേസിലും, അടിപിടിക്കേസുകളിലും, കൈക്കൂലിക്കേസുകളിലും, വീടുകളിലെ കൊലപാതകങ്ങളിലും, സ്ത്രീധനത്തോടു ബന്ധപ്പെട്ട ആത്മഹത്യകളിലും ക്രിസ്തീയ വിശ്വാസികളുടെ പേരുകൾ വ്യാപകമായി കാണുമ്പോൾ യഥാർത്ഥ ദൈവവിശ്വാസത്തിൽ നിന്ന് ഇടറിപ്പോയവരുടെ മുഖങ്ങൾ തെളിയുകയല്ലേ? കുടുംബങ്ങളിലെ വളർത്തുദോഷങ്ങൾ സമൂഹത്തിന് വിനയായി മാറുമ്പോൾ, മാതാപിതാക്കളുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചകളെക്കുറിച്ച് ഒരു വീണ്ടുവിചാരം വേണമെന്ന് തോന്നിപ്പോകുന്നു. പണവും അധികാരവും ഒരു വ്യക്തിയെ ദുഷിപ്പിക്കുമ്പോൾ ആ മലിനജലമത്രയും ഒഴുകി നിറയുന്നത് കുടുംബങ്ങളിലാണ്. സാമൂഹിക തിന്മകളുടെ ഈ നഴ്സറികളിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പുതിയ വളർപന്തലുകൾ സജ്ജീകരിച്ചേ പറ്റൂ. 'ഞാനും എന്റെ ഭാര്യയും മക്കളും' എന്ന കടുംപിടുത്തത്തിന്റെ അടിത്തട്ടിൽ ഊറിനിറയുന്നത് സ്നേഹരാഹിത്യത്തിന്റെ വിഷത്തുള്ളികളാണ്. ധാർഷ്ട്യത്തിന്റെ തലപ്പാവണിഞ്ഞ് സമൂഹത്തെ വെല്ലുവിളിക്കുന്നവിധം പുതിയ തലമുറയെ നാം തിരിച്ചുവരാനാവാത്ത കടൽപ്പാലങ്ങളിലേക്ക് തള്ളിവിടരുത്. തെറ്റ് പറ്റുക മനുഷ്യ സഹജമാണ്. എന്നാൽ ആ തെറ്റിനെ ന്യായീകരിക്കാതെ, ഏറ്റുപറയാനുള്ള മനസ്സ് വേണം; ഏതൊരു മനുഷ്യനും.

ചിന്ത

.....അതിനെ പൂർണ്ണമായും നിറയ്ക്കുന്ന ദൈവത്തിലാണ് പ്രപഞ്ചം പൂവണിയുന്നതെങ്കിൽ ഓരോ ഇലയിലും മലമ്പാതയിലും തുഷാരബിന്ദുവിലും പാവപ്പെട്ട ഒരാളുടെ വദനത്തിലും യോഗാത്മകമായ ഒരർത്ഥം കൂടികൊള്ളുന്നു. ലോകം അനന്ത സ്നേഹത്തിന്റെ ഒരു ഗാനം മീട്ടുന്നു. എങ്ങനെയാണ് നമുക്ക് അതിനെക്കുറിച്ച് കരുതലില്ലാതിരിക്കാൻ കഴിയുന്നത് ?

ഫ്രാൻസിസ് പാപ്പ - (ദൈവത്തെ സ്തുതിപ്പിൻ- നമ്പർ 65)

ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

വി. ക്ലോഡിൻ തെവനെ

ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...

ജീസസ് ആന്റ് മേരി സന്യാസസഭ

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

വിശദവിവരങ്ങൾക്ക്:

Vocation Promoter
Convent of Jesus and Mary
Bangla Sahib Marg
New Delhi 110001
Tel : 011 - 237 478 68
Mob: 8800574893

Sr. Superior
Convent of Jesus and Mary
Gopalapetta P.O.
Chalil , Thalassery - 670 102
Kannur Dist., Kerala
Ph: 0490 23 22 822
Mob: 8527703922

VATHICAN THARANGAM
RN 55178/94
Total Pages 40 Date of Publication 31-10-2026

Secular Institute of the Maids of the Poor

INSTITUTE OF THE MAIDS OF THE POOR
Behold the Handmaid of the Lord



THE LEGACY OF LOVE

CELEBRATING 75 YEARS OF GRACE AND GROWTH



Secular Institute of the Maids of the Poor
Lucknow, Uttar Pradesh





Bishop : Most Rev. Conrad De Vito OFM Cap. First Bishop of Lucknow, UP
Founder: Institute of the Maids of the Poor The first Secular Institute in India

IMP Presence in India: Lucknow, Barabanki, Bareilly, Bhowali, Delhi, Karnataka Gurugram, Haryana, Punjab, Mumbai, Bajpe, Mangalore, Bangalore, Karwar, Kerala, TamilNadu Chennai In other Countries : Italy, England, Ethiopia , Kenya

WEBSITE: https://www.maidsofthepoor.com

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C. Vennala P.O. , Kochi - 682028 and published at Vatican Radio Office, P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.